2023
JUNE
13
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ



## നോട്ട് പിൻവലിക്കൽ; ക്ഷേത്രഭണ്ഡാരങ്ങൾ നിറഞ്ഞ് 2,000 രൂപാ നോട്ടുകൾ

**ഹൈദരാബാദ്:** റിസർവ് ബാങ്കിന്റെ 2,000 രൂപാ നോട്ടുകൾ പിൻവലിക്കാനുള്ള തീരുമാനത്തിന് പിന്നാലെ ക്ഷേത്രഭണ്ഡാരത്തിൽ 2,000 രൂപാ നോട്ടുകൾ നിറയുന്നു. ഹൈദരാബാദിലെ വിവിധ ക്ഷേത്രങ്ങളിലെ ഭണ്ഡാരങ്ങളാണ് 2,000 രൂപ കൊണ്ട് നിറഞ്ഞത്.

റിസർവ് ബാങ്ക് തീരുമാനം പ്രഖ്യാപിച്ചതിന് ശേഷം യദാദ്രി ക്ഷേത്രത്തിലെ ഭണ്ഡാരത്തിൽ രണ്ടുലക്ഷം രൂപയുടെ 2000 രൂപാ നോട്ടുകളാണെത്തിയത്. മുൻപ് ഒന്നോ, രണ്ടോ 2000 രൂപാ നോട്ടുകൾ കണ്ടിരുന്ന സ്ഥാനത്താണ് ഇത്രയേറെ നോട്ടുകളെത്തുന്നത്. ഇതുകൂടാതെ ക്ഷേത്രത്തിൽ പൂജകൾക്ക് ചീട്ടാക്കുന്നതിനും പൂജകൾക്ക് സാധനങ്ങൾ വാങ്ങുന്നതിനും പ്രസാദത്തിനുമെല്ലാം 2000 രൂപയുടെ നോട്ടുകൾ ഉപയോഗിക്കുന്നതിൽ വർധനവുണ്ടായിട്ടുണ്ട്.

റിസർവ് ബാങ്ക് സെപ്റ്റംബർ വരെ നോട്ടു മാറുന്നതിന് സാവകാശം നൽകിയിട്ടുള്ളതിനാൽ ഭക്തരെ പിന്തിരിപ്പിക്കാറില്ലെന്ന് ക്ഷേത്രത്തിന്റെ എക്സിക്യൂട്ടീവ് ഓഫീസർ എൻ.ഗീത പറഞ്ഞു.

തെലങ്കാനയിൽ മറ്റു ക്ഷേത്രങ്ങളിലും സമാനമാണ് സ്ഥിതിയെന്നാണ് വിവരം. വിവിധ ക്ഷേത്രങ്ങളുടെ ഭണ്ഡാരങ്ങളും നിറഞ്ഞതായി റിപ്പോർട്ടുകളുണ്ട്. 2016ലെ നോട്ട് നിരോധന സമയത്തും ക്ഷേത്ര ഭണ്ഡാരങ്ങൾ 500 രൂപാ നോട്ടുകൾ കൊണ്ട് നിറഞ്ഞിരുന്നു.

## ബിപോർജോയ്: മഴ കനക്കും, കാറ്റിന് ശക്തികൂടും; വിവിധ ജില്ലകളിൽ യെലോ അലർട്ട്

**തിരുവനന്തപുരം:** ബിപോർജോയ് ചുഴലിക്കാറ്റ് മധ്യകിഴക്കൻ അറബിക്കടലിനു മുകളിൽ സ്ഥിതി ചെയ്യുന്നതിനാൽ കേരളത്തിൽ അടുത്ത ദിവസങ്ങളിൽ അതിശക്തമായ മഴ ലഭിക്കാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

24 മണിക്കൂറിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും അടുത്ത 5 ദിവസങ്ങളിൽ വ്യാപകമായി ഇടിയോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നുമാണ് അറിയിപ്പ്. ഈ സാഹചര്യത്തിൽ ഇന്നും നാളെയും വിവിധ ജില്ലകളിൽ യെലോ അലർട്ട് പ്രഖ്യാപിച്ചു.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, കോഴിക്കോട് ജില്ലകളിൽ ഇന്നും ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ നാളെയുമാണ് യെലോ അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്.

അടുത്ത 4 ദിവസം കേരള തീരത്തു കാറ്റിന്റെ ശക്തി മണിക്കൂറിൽ 40 മുതൽ 45 കിലോമീറ്റർ വേഗതയിലാകാനും കടൽ പ്രക്ഷുബ്ദ്ധമാകാനും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികൾ കടലിൽ പോകാൻ പാടുള്ളതല്ല. മഴയോടൊപ്പം ഇടിമിന്നലും കാറ്റിനും സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ അതീവ ശ്രദ്ധ പാലിക്കേണ്ടതുണ്ടെന്ന് മുഖ്യമന്ത്രിയുടെ ഓഫിസ് അറിയിച്ചു.

# നികുതിവിഹിതം: അനുവദിച്ച് കേന്ദ്രം, കേരളത്തിന് 2,277 കോടി

**ന്യൂഡൽഹി:** സംസ്ഥാന സർക്കാരുകൾക്കുള്ള നികുതി വിഹിതത്തിന്റെ മൂന്നാം ഗഡുവായി കേന്ദ്ര സർക്കാർ 1.18 ലക്ഷം കോടി രൂപ അനുവദിച്ചു. സാധാരണ പ്രതിമാസ വിഹിതം 59,140 കോടി രൂപയാണ്. അതിന്റെ ഇരട്ടിയാണ് ഇപ്പോൾ അനുവദിച്ചിരിക്കുന്നത്. ജൂണിൽ നൽകേണ്ട വിഹിതത്തിനൊപ്പം അടുത്ത തവണത്തെ വിഹിതം കൂടി മുൻകൂറായി നൽകിയിട്ടുണ്ടെന്ന് കേന്ദ്ര ധനമന്ത്രാലയം അറിയിച്ചു. കേരളത്തിന് 2,277 കോടി രൂപ ലഭിക്കും. സംസ്ഥാനങ്ങളുടെ വികസന, ക്ഷേമ പ്രവർത്തനങ്ങൾക്കും മുൻഗണനാ പദ്ധതികൾക്കും ഈ പണം വിനിയോഗപ്പെടുത്താമെന്ന് ധനമന്ത്രാലയം വ്യക്തമാക്കി.



മറ്റു സംസ്ഥാനങ്ങൾക്കുള്ള വിഹിതം ഇങ്ങനെ: ആന്ധ്രാപ്രദേശിന് 4,787 കോടി രൂപ, അരുണാചൽ പ്രദേശിന് 2,078 കോടി രൂപ, അസമിന് 3,700 കോടി രൂപ, ബിഹാറിന് 11,897 കോടി രൂപ, ഛത്തീസ്ഗഡിന് 4,030 കോടി രൂപ, ഗോവയ്ക്ക് 457 കോടി രൂപ, ഗുജറാത്തിന് 4,114 കോടി രൂപ, ഹരിയാനയ്ക്ക് 1,293 കോടി രൂപ, ഹിമാചൽ പ്രദേശിന് 982 കോടി രൂപ, ജാർഖണ്ഡിന് 3,912 കോടി രൂപ, കർണാടകയ്ക്ക് 4,314 കോടി രൂപ, മധ്യപ്രദേശിന് 9,285 കോടി രൂപ, മഹാരാഷ്ട്രയ്ക്ക് 7,472 കോടി രൂപ, മണിപ്പൂരിന് 847 കോടി രൂപ, മേഘാലയയ്ക്ക് 907 കോടി രൂപ, മിസോറാമിന് 591 കോടി രൂപ, നാഗാലാൻഡിന് 673 കോടി രൂപ, ഒഡീഷയ്ക്ക് 5,356 കോടി രൂപ, പഞ്ചാബിന് 2,137 കോടി രൂപ, രാജസ്ഥാന് 7,128 കോടി രൂപ, സിക്കിമിന് 459 കോടി രൂപ, തമിഴ്നാടിന് 4,825 കോടി രൂപ, തെലങ്കാനയ്ക്ക് 2,486 കോടി രൂപ, ത്രിപുരയ്ക്ക് 837 കോടി രൂപ, ഉത്തർപ്രദേശിന് 21,218 കോടി രൂപ, ഉത്തരാഖണ്ഡിന് 1,322 കോടി രൂപ, ബംഗാളിന് 8,898 കോടി രൂപ.

## ഇന്ത്യൻ മാധ്യമപ്രവർത്തകർ രാജ്യത്തുനിന്ന് പോകണമെന്ന് ചൈന

**ബെയ്ജിങ്:** രാജ്യങ്ങൾ തമ്മിൽ പരസ്പരം തർക്കം തുടരുന്നതിന്റെ ഭാഗമായി, അവസാന ഇന്ത്യൻ മാധ്യമപ്രവർത്തകനോടും രാജ്യം വിടാൻ ആവശ്യപ്പെട്ട് ചൈന. ഈ മാസം തന്നെ പോകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഏഷ്യയിലെ സാമ്പത്തിക ശക്തികളായ ചൈനയും ഇന്ത്യയും തമ്മിലുള്ള അസ്വസ്ഥത വർധിപ്പിക്കുന്നതാണു നടപടിയെന്നാണു വിലയിരുത്തൽ.

പിടിഐ റിപ്പോർട്ടർ പോകുന്നതോടെ, ലോകത്തിലെ രണ്ടാമത്തെ വലിയ സമ്പദ് വ്യവസ്ഥയുള്ള ചൈനയിൽ ഇന്ത്യയുടെ മാധ്യമ സാന്നിധ്യം പൂർണമായും ഇല്ലാതാകും. ഈ വർഷമാദ്യം ഇന്ത്യൻ മാധ്യമ സ്ഥാപനങ്ങളുടേതായി നാലു മാധ്യമ പ്രവർത്തകർ ചൈനയിലുണ്ടായിരുന്നു.

ദ് ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ടർ നേരത്തേ ചൈനയിൽ നിന്നു മടങ്ങി. പ്രസാർ ഭാരതി, ദ് ഹിന്ദു എന്നിവയിലെ രണ്ടു പേരുടെ! വീസ പുതുക്കാൻ ഏപ്രിലിൽ ചൈന തയാറായില്ല. പിന്നാലെയാണു നാലാമത്തെ ജേണലിസ്റ്റിനോടും മടങ്ങിപ്പോകാൻ ആവശ്യപ്പെട്ടത്. മാധ്യമപ്രവർത്തകരെ ഒഴിവാക്കുന്നതിനെപ്പറ്റി പ്രതികരിക്കാൻ ചൈനയുടെ വിദേശകാര്യ മന്ത്രാലയം തയാറായില്ല. നേരത്തേ, സിൻഹുവ ന്യൂസ് ഏജൻസി, ചൈന സെൻട്രൽ ടെലിവിഷൻ എന്നിവയിലെ രണ്ടു ജേണലിസ്റ്റുകളുടെ വീസ പുതുക്കാനുള്ള അപേക്ഷ ഇന്ത്യ തള്ളിയിരുന്നു.



## മെഡിക്കൽ ഓഫീസർ: താത്ക്കാലിക നിയമനം

**തൃശൂർ:** ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പിന് കീഴിൽ ആലപ്പുഴ, എറണാകുളം, തൃശൂർ, ഇടുക്കി ജില്ലകളിലെ അലോപ്പതി വിഭാഗം മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകളിലേക്ക് താൽകാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം. എംബിബിഎസ് ബിരുദവും ടിസിഎംസി രജിസ്ട്രേഷനും ഉള്ള യോഗ്യരായ ഉദ്യോഗാർഥികൾ cru.czims@kerala.gov.in എന്ന ഇമെയിൽ വിലാസത്തിലേക്ക് ഇമെയിൽ, ഫോൺ നമ്പർ എന്നിവ അടങ്ങിയ ബയോഡേറ്റ സഹിതം ജൂൺ 15ന് മുൻപായി അപേക്ഷ നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0484 2391018.

## ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ: അപേക്ഷിക്കാം

**ആലപ്പുഴ:** ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ കീഴിലുള്ള ആലപ്പുഴ, എറണാകുളം, തൃശൂർ, ഇടുക്കി ജില്ലകളിൽ നിലവിലുള്ള ഒഴിവിലേക്ക് കരാർ അടിസ്ഥാനത്തിൽ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരുടെ വാക്ക്ഇൻഇന്റർവ്യൂ നടത്തുന്നു. വേതനം 57525 രൂപ. ജൂൺ 15ന് വൈകിട്ട് അഞ്ചിന് മുമ്പായി താൽപര്യമുള്ളവർ എം.ബി.ബി.എസ്. ബിരുദ സർട്ടിഫിക്കറ്റ്, റ്റി.സി.എം.സി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇമെയിൽ, ഫോൺ നമ്പർ സഹിതം cru.czims@kerala.gov.in ഇമെയിൽ വിലാസത്തിൽ നൽകണം. ഫോൺ: 04842391018.

## പി. എസ്. സി അഭിമുഖം

**ആലപ്പുഴ:** ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഡ്രായിംഗ് ടീച്ചർ (എച്ച്.എസ് (കാറ്റഗറി നം. 524/19) തസ്തികയുടെ തെരഞ്ഞെടുപ്പിലേക്ക് അപേക്ഷ സമർപ്പിച്ച യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആലപ്പുഴ ജില്ലാ പി.എസ്.സി ആഫീസിൽ വെച്ച് ജൂൺ 14, 15 തീയതികളിലും സൈനിക ക്ഷേമം വകുപ്പിൽ വെൽ ഫയർ ഓർഗനൈസർ (വിമുക്ത ഭടന്മാർ മാത്രം) (കാറ്റഗറി നം. 749/21) തസ്ഥികയുടെ അഭിമുഖം 16ന് നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾക്കുള്ള വ്യക്തിഗത അറിയിപ്പ് എസ്.എം.എസ്, പ്രൊഫൈൽ മെസേജ് എന്നിവ മുഖാന്തിരം അറിയിച്ചിട്ടുണ്ട്.




# ജീവധാര പദ്ധതിയ്ക്ക് തുടക്കമായി

**തൃശൂർ:** നവകേരളത്തിന്റെ കുതിപ്പിന് മുരിയാട് ഗ്രാമപഞ്ചായത്തും ഒരുങ്ങി എന്നതിന്റെ ഉദാഹരണമാണ് ജീവധാര എന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു. പുല്ലൂർ സർവീസ് സഹകരണ ബാങ്ക് ഹാളിൽ നടന്ന മുരിയാട് ഗ്രാമപഞ്ചായത്തിന്റെ നൂതന ആരോഗ്യ പദ്ധതിയായ ജീവധാരയുടെ ഉദ്ഘാടനവും ലോഗോ, മൊബൈൽ ആപ്പിന്റെ പ്രകാശന ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ലഹരി ഉപയോഗിക്കുന്ന യുവജനങ്ങളെ ലഹരിയിൽ നിന്ന് വിമുക്തമാക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. ലഹരി പ്രതിരോധത്തിനായി സർക്കാർ വിവിധ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. മാലിന്യ മുക്ത സമൂഹത്തിനായി സ്വന്തം മാലിന്യം സ്വന്തം ഉത്തരവാദിത്തമാണെന്ന് തിരിച്ചറിഞ്ഞ് പ്രയത്നിച്ചാലെ മാലിന്യ പ്രശ്നം പരിഹരിക്കാനാകൂ. മാലിന്യം വലിച്ചെറിയൽ സംസ്കാരം മാറ്റണമെന്നും മന്ത്രി പറഞ്ഞു. കൂടാതെ വയോജന ഭിന്നശേഷി സൗഹൃദ സമൂഹം സൃഷ്ടക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കി താങ്ങും തണലുമായി മാറണമെന്നും മന്ത്രി കൂട്ടി ചേർത്തു.

മുരിയാട് ഗ്രാമപഞ്ചായത്തിലെ എല്ലാ ജനവിഭാഗങ്ങളുടെയും ആരോഗ്യപരിരക്ഷ മുൻനിർത്തി രൂപം കൊടുത്തിട്ടുള്ള സമഗ്ര ആരോഗ്യ നൂതന പദ്ധതിയാണ് ജീവധാര. അലോപതി ആയുർവേദം ഹോമിയോ എന്നീ ചികിത്സാ വിഭാഗങ്ങളോടൊപ്പം കൃഷി വകുപ്പ് വനിതാ ശിശു സാമൂഹ്യനീതി വകുപ്പ് തുടങ്ങി എല്ലാ വകുപ്പുകളുടെയും സഹകരണത്തോടെ ആണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പോഷക സമൃദ്ധ സ്വയംപര്യാപ്ത ഗ്രാമം, സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത്,ഭിന്നശേഷി സൗഹൃദ പഞ്ചായത്ത്,ശിശു സൗഹൃദ പഞ്ചായത്ത്,വയോജന സൗഹൃദ പഞ്ചായത്ത്,രോഗാതുരത ഏറ്റവും കുറഞ്ഞ പഞ്ചായത്ത്, ലഹരി മുക്ത പഞ്ചായത്ത് തുടങ്ങി പഞ്ചായത്തിലെ മുഴുവൻ മനുഷ്യരുടെയും ക്ഷേമ പ്രവർത്തനങ്ങൾ നിലനിർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

പദ്ധതിയുടെ ഭാഗമായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയും ആക്ഷൻ ടീമും രൂപം കൊടുത്തിട്ടുണ്ട് കിലയുടെ സഹകരണത്തോടെ ട്രെയിനിങ്ങുകൾ നടത്തി വരുന്നുണ്ടെന്നും ആദ്യഘട്ടത്തിൽ അനീമിയ കണ്ടെത്തുന്നതിനായി സർവ്വേയും ക്യാമ്പും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ജോസ് ജി ചിറ്റിലപ്പള്ളി പറഞ്ഞു. മുരിയാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് ചിറ്റിലപ്പിള്ളി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലതാ ചന്ദ്രൻ മുഖ്യാതിഥിയായി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രതി ഗോപി, വിവിധ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## മെഡിക്കൽ കോളജിൽ അസിസ്റ്റൻറ് പ്രൊഫസർ നിയമനം

**ആലപ്പുഴ:** ഗവൺമെൻറ് ടി.ഡി മെഡിക്കൽ കോളജ് ആശുപത്രിയിലെ റേഡിയോ തെറാപ്പി വിഭാഗത്തിൽ കീഴിലുള്ള മൂന്ന് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ സീനിയർ റസിഡന്റ് നിയമനം നടത്തും. താൽക്കാലികമാണ് നിയമനം.

യോഗ്യത: റേഡിയോ തെറാപ്പി വിഭാഗത്തിൻ കീഴിലുള്ള വിഷയങ്ങളിലെ മെഡിക്കൽ പോസ്റ്റ് ഗ്രാജുവേഷൻ ബിരുദം. ടി.സി.എം.സി രജിസ്ട്രേഷൻ. യോഗ്യരായവർ യോഗ്യത, വയസ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ രേഖകൾ സഹിതം ജൂൺ 15ന് രാവിലെ 11ന് പ്രിൻസിപ്പൽ ഓഫീസിൽ അഭിമുഖത്തിന് എത്തണം.

## ദർഘാസുകൾ ക്ഷണിച്ചു

**ആലപ്പുഴ:** കാലവർഷത്തോടനുബന്ധിച്ച് കുട്ടനാട് താലൂക്കിൽ വെള്ളപ്പൊക്ക സാധ്യതകൾ കണക്കിലെടുത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ടി വരുന്ന ടോറസ്/ടീപ്പർ ലോറികളുടെ വാടക നിശ്ചയിക്കുന്നതിന് ടോറസ്/ടിപ്പർ ലോറികളുടെ ഉടമകളിൽ നിന്ന് ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ ജൂൺ 19 രാവിലെ 12 ന് മുമ്പ് താലൂക്ക് ഓഫീസിൽ നൽകണം. അന്നേദിവസം പകൽ മൂന്നിന് തുറന്ന് പരിശോധിക്കും, ഫോൺ: 0477 2702221.

## അധ്യാപക ഒഴിവുകൾ

**നെടുമങ്ങാട്:** ഗവ. ടെക്നിക്കൽ ഹൈസ്കൂളിൽ ഇംഗ്ലീഷ്, ഗണിതം അധ്യാപക തസ്തികകളിൽ ഓരോ താൽക്കാലിക (ദിവസവേതന അടിസ്ഥാനത്തിൽ) ഒഴിവുണ്ട്. ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ യോഗ്യതയുള്ളവർ ജൂൺ 16 രാവിലെ 10നും ഹൈസ്കൂൾ തലത്തിൽ ഗണിത ക്ലാസ്സുകൾ കൈകാര്യം ചെയ്യാൻ യോഗ്യതയുള്ളവർ അന്നേ ദിവസം ഉച്ച 1.30 നും സ്കൂളിൽ നടക്കുന്ന അഭിമുഖ പരീക്ഷയിൽ പങ്കെടുക്കണം. യോഗ്യത സർട്ടിഫിക്കറ്റുകൾ, എക്സ്പീരിയൻസ് സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസ്സൽ, പകർപ്പ് എന്നിവ കൊണ്ടുവരണം. വിശദവിവരങ്ങൾക്ക്: 0472 2812686.

## വിനോദ സഞ്ചാരികൾക്ക് കാഴ്ചവിരുന്നൊരുക്കി മാട്ടുപ്പെട്ടിയിൽ കാട്ടാനക്കൂട്ടം



**മൂന്നാർ:** വിനോദ സഞ്ചാരികൾക്ക് കാഴ്ചവിരുന്നൊരുക്കി മാട്ടുപ്പെട്ടിയിൽ കാട്ടാനക്കൂട്ടം. മാട്ടുപ്പെട്ടി ജലാശയത്തിനു സമീപമുള്ള പുൽമേട്ടിലാണ് കഴിഞ്ഞ ഒരാഴ്ചയായി കൊമ്പ നടക്കം നാല് കാട്ടാനകൾ മേഞ്ഞു നടക്കുന്നത്. പശുവളർത്തൽ കേന്ദ്രത്തിന്റെ ഉടമസ്ഥതയിലുള്ള മേഖലയിൽ മഴക്കാലമായതോടെ ഇളം പുല്ലുകൾ വ്യാപകമായി വളർന്നു തുടങ്ങി.

ഇതോടെയാണ് കാട്ടാനകൾ ഇവ തിന്നാനായി പകൽ സമയങ്ങളിൽ പതിവായി എത്താനാരംഭിച്ചത്. പാതയോരത്തുള്ള പുൽമേട്ടിൽ മേഞ്ഞു നടക്കുന്ന കാട്ടാനകളെ കാണാനും ചിത്രങ്ങൾ പകർത്തുന്നതിനുമായി നിരവധി സഞ്ചാരികളാണിവിടെ പകൽ സമയങ്ങളിൽ വരുന്നത്.

# ചെങ്കുളത്ത് വീണ്ടും വൈദ്യുതി ഉൽപാദനം

**അടിമാലി:** കാലപ്പഴക്കം ചെന്ന പെൻ സ്റ്റോക്ക് പൈപ്പുകൾ നീക്കം ചെയ്ത് പുതിയവ സ്ഥാപിച്ച ശേഷം ചെങ്കുളം ജല വൈദ്യുത നിലയത്തിൽ നിന്നുള്ള വൈദ്യുതി ഉൽപാദനം പുനരാരംഭിച്ചു. കഴിഞ്ഞ ജനുവരിയിലാണ് ചെങ്കുളം അണക്കെട്ടിലെ വെള്ളം മുഴുവൻ വറ്റിച്ചതിനു ശേഷം ഒരു കിലോമീറ്ററിൽ കൂടുതൽ ദൂരം വരുന്ന കാലഹരണപ്പെട്ട പെൻസ്റ്റോക്ക് പൈപ്പുകൾ നീക്കം ചെയ്ത് പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ വൈദ്യുതി വകുപ്പ് ആരംഭിച്ചത്. 1954ലാണ് മുതിരപ്പുഴയാറിന്റെ തീരത്ത് ചെങ്കുളം ജല വൈദ്യുത നിലയം സ്ഥാപിച്ച് ഉൽപാദനം ആരംഭിച്ചത്.

പന്നിയാർ പെൻസ്റ്റോക്ക് ദുരന്തത്തിന് ശേഷം ഇവിടത്തെ പൈപ്പുകളും മാറ്റുന്നതിനുള്ള നടപടികൾ ഊർജിതമായിരുന്നു. 1954ന് ശേഷം പൈപ്പുകൾ പൂർണമായി മാറ്റുന്നത് ഇപ്പോഴാണ്. ചെങ്കുളത്തെ ജല സംഭരണിയിൽ നിന്നാണ് വൈദ്യുത ഉൽപാദനത്തിനുള്ള വെള്ളം ഇവിടേക്ക് എത്തിക്കുന്നത്. 12.7 മെഗാവാട്ടിന്റെ 4 ജനറേറ്ററാണ് ഉള്ളത്. കാലപ്പഴക്കം ചെന്ന പെൻസ്റ്റോക്ക് പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടി 6 മാസം മുൻപാണ് നിർമാണം ആരംഭിച്ചത്.

ചെങ്കുളം അണക്കെട്ടിലെ ഇൻടേക്ക്, ട്രാഷാക്, സ്ലൂയിസ് വാൽവ് ഉൾപ്പെടെ സാമഗ്രികളുടെ അറ്റകുറ്റ പണികളും നടന്നിട്ടുണ്ട്. ടണൽ വഴി എത്തുന്ന വെള്ളം ലോ പ്രഷർ പൈപ്പിലൂടെ (എൽപിപി) സർജ് ടാങ്ക് വഴി വാൽവ് ഹൗസിൽ എത്തും. അവിടെ നിന്നാണ് പെൻസ്റ്റോക് വഴി വൈദ്യുത നിലയത്തിൽ എത്തുന്നത്.

# സി ആർ സെഡ്: കേരളത്തിലെ പ്രത്യേക സാഹചര്യം പരിഗണിക്കുമെന്ന് കേന്ദ്ര മന്ത്രി




**തൃശൂർ:** തീരസംരക്ഷണവുമായി ബന്ധപ്പെട്ട് ഒരേ നിയമമാണ് രാജ്യം മുഴുവൻ നടപ്പാക്കുന്നതെങ്കിലും കേരളത്തിൽ നിലനിൽക്കുന്ന ചില പ്രത്യേക സാഹചര്യങ്ങൾ ഫിഷറീസ് വകുപ്പ് മന്ത്രി ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് കേന്ദ്ര ഫീഷറീസ്, മൃഗ സംരക്ഷണ, ക്ഷീര വികസന വകുപ്പ് മന്ത്രി പർഷോത്തം രൂപാല പറഞ്ഞു. നാട്ടിക നിയോജക മണ്ഡലത്തിൽ നടന്ന സാഗർ പരിക്രമയാത്ര പരിപാടിയും തീരസദസ്സും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാരുമായി കൈകോർത്ത് പ്രവർത്തിക്കാനാണ് കേന്ദ്ര സർക്കാർ ആഗ്രഹിക്കുന്നത്. മത്സ്യ തീരദേശ മേഖലയിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഒരേ ക്ഷേമ പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. ഒരേ ലക്ഷ്യത്തിനായി ഇരു സർക്കാരുകളും നടത്തുന്ന വ്യത്യസ്ത പരിപാടികൾക്ക് ഒരേ വേദി ലഭിച്ചത് അഭിനന്ദനാർഹമാണെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

തീരദേശ ഹൈവേ നിർമാണവുമായി ബന്ധപ്പെട്ട് ആശങ്കകൾ ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഉണ്ട്. എത്രയും വേഗം നിർമാണം പൂർത്തിയാക്കണമെന്നാണ് കേന്ദ്ര സർക്കാരിന്റെയും ആഗ്രഹം. കുറഞ്ഞ സമയത്തിനുള്ളിൽ മത്സ്യത്തൊഴിലാളികൾ, സംഘടനാ പ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രവർത്തകർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി സംവദിക്കാനായതിൽ ഏറെ സന്തോഷമുണ്ടെന്നും കേന്ദ്ര മന്ത്രി കൂട്ടിച്ചേർത്തു.

600 കീലോ മീറ്റർ തീരപ്രദേശമായതിനാൽ കേരളത്തിൽ തീര സംരക്ഷണം വലിയ പ്രശ്നമാണെന്നും ഇതിനായി സംരക്ഷണ ഭിത്തികൾ ആവശ്യമാണെന്നും ചടങ്ങിൽ അധ്യക്ഷനായ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. തീരദേശത്തിന്റെ വികസനത്തിനായി കേന്ദ്രവും സംസ്ഥാനവും ഒരുമിച്ച് പ്രവർത്തിക്കുമെന്നും ചടങ്ങിൽ മന്ത്രി പറഞ്ഞു.

മത്സ്യത്തൊഴിലാളികളെയും മത്സ്യകർഷകരെയും വിവിധ സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കളെയും കാണാനും സംവദിക്കാനും അവരുടെ പ്രശ്നങ്ങളെ അറിയാനും രാജ്യത്തെ മത്സ്യബന്ധന മേഖലയുടെ വളർച്ചയെ ത്വരിതപ്പെടുത്താനുമുള്ള അവരുടെ നിർദ്ദേശങ്ങൾ മനസ്സിലാക്കാനുമാണ് സാഗർ പരിക്രമയാത്രയിലൂടെ ലക്ഷ്യമാക്കുന്നത്.

തീരദേശ മേഖലയുടെ മത്സ്യത്തൊഴിലാളികളുടെയും പ്രശ്നങ്ങളും പരാതികളും വിശകലനം ചെയ്ത് പരിഹാരങ്ങൾ നിർദ്ദേശിച്ചുകൊണ്ടുള്ള സമഗ്രമായ പരിപാടിയാണ് തീര സദസ്സ് .

തീര സദസിന്റെ ഭാഗമായി വിവിധ അപേക്ഷകൾ പരിശോധിച്ചു തീരുമാനം കൈക്കൊള്ളുകയും മത്സ്യത്തൊഴിലാളി മേഖലയിൽ നിന്നും മുതിർന്ന 35 വയസ്സ് തൊഴിലാളികളെയും വിവിധ മേഖലകളിൽ തെളിയിച്ച 25 പേരെയും ചടങ്ങിൽ കേന്ദ്ര മന്ത്രിമാരും മന്ത്രി സജി ചെറിയാനും ചേർന്ന് ആദരിച്ചു. കിസാൻ ക്രെഡിറ്റ് കാർഡ് വിതരണം കേന്ദ്ര മന്ത്രി പർഷോത്തം രൂപാല നിർവഹിച്ചു. ജില്ലയിൽ സാഫ് പദ്ധതിയിൽ 15 വർഷം പൂർത്തിയാക്കിയ യൂണിറ്റുകളെയും സാഫ് ചെറുകിട സംരംഭകരെയും ആദരിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി വിവാഹ ധനസഹായം ആയി 10 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതം ആകെ 1,00,000 രൂപയും മരണപ്പെട്ട ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിന് 15,000 രൂപയും സാഫിന്റെ സൂക്ഷ്മത തൊഴിൽ സംരംഭങ്ങൾക്കുള്ള സാമ്പത്തിക സഹായമായി 4 യൂണിറ്റുകൾക്ക് 6, 95745 രൂപയുടെ ധനസഹായം ഉൾപ്പെടെ ആകെ 8,10,7 5 രൂപയുടെ ധനസഹായം ചടങ്ങിൽ നൽകി.

തൃപ്രയാർ ടി എസ് ജി എ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര വികസനം, ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയം സഹ മന്ത്രി ഡോ. എൽ മുരുകൻ, സി സി മുകുന്ദൻ എം.എൽ എ,

കേരള ഫീഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ എസ് ശ്രീനിവാസ് , കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര വികസനം വകുപ്പ് ഒ സി ഡി ഡോ. അഭിലാഷ് ലിഖി ഐ എ എസ് , കേരള ഫിഷറീസ് അഡീഷണൽ ഡയറക്ടർ എൻ എസ് ശ്രീലു , നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് , ചീഫ് എക്സിക്യൂട്ടീവ് സുവർണ,

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ , ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ , മറ്റ് ജനപ്രതിനിധികൾ, വിവിധ വകുപ്പ് തല ഉന്നത ഉദ്യോഗസ്ഥർ , മത്സ്യതൊഴിലാളി സംഘടന നേതാക്കൻമാർ , ഉദ്യോഗസ്ഥർ ,രാഷ്ട്രീയ സാംസ്കാരിക ട്രേഡ് യൂണിയൻ നേതാക്കൾ , മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾ, മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അംഗങ്ങൾ, ഉദ്യോഗസ്ഥർ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണം , ഡയറിംഗ് വകുപ്പ് ഒ എസ് ഡി ഡോ. അഭിലാഷ് ലിഖി ഐ എ എസ് സാഗർ പരിക്രമയാത്ര പദ്ധതി വിശദീകരിച്ചു.

## ഡെങ്കിപ്പനി: പ്രതിരോധം പരമപ്രധാനം

ഇടവിട്ട് മഴ പെയ്യുന്ന സാഹചര്യത്തിൽ ഡെങ്കിപ്പനി വ്യാപിക്കാൻ സാധ്യത കൂടുതലാണെന്ന് ആരോഗ്യ വകുപ്പ്, ജില്ല അധികൃതർ അറിയിച്ചു. കഴിഞ്ഞമാസം മാത്രം ജില്ലയിൽ 22 ഡെങ്കി കേസുകളാണ് സ്ഥിരീകരിച്ചത്. ഇതുമൂലം ഒരു മരണവും കഴിഞ്ഞ മാസം ജില്ലയിൽ റിപ്പോർട്ട് ചെയ്തു. മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ഡെങ്കി കേസുകൾ പത്തിൽ താഴെ മാത്രമായിരുന്നു. ഈ മാസം ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഡെങ്കിപ്പനിയെ പ്രതിരോധിക്കുന്നതിൽ ഉറവിടനശീകരണത്തിനുള്ള പ്രാധാന്യവും കൃത്യസമയത്ത് ചികിത്സ തേടുന്നതിന്റെ പ്രാധാന്യവും എല്ലാവരും തിരിച്ചറിയണം.

ശുദ്ധജലത്തിൽ മുട്ടയിട്ട് പെരുകുന്ന ഈഡിസ് കൊതുകുകൾ ആണ് ഡെങ്കിപ്പനി പരത്തുന്നത്. വീടിനകത്തും പുറത്തും കൊതുകുകൾ മുട്ടയിട്ട് പെരുകാൻ ഉള്ള സാഹചര്യങ്ങൾ നിരവധിയാണ്. ഡെങ്കിപ്പനിയെ പ്രതിരോധിക്കുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഉറവിട നശീകരണം ആണ്. ഉറവിട നശീകരണം ഓരോരുത്തരും ഉത്തരവാദിത്വത്തോടെ നടത്തുന്നതിലൂടെ ഡെങ്കിപ്പനിയെ പ്രതിരോധിക്കാൻ കഴിയും.

വീടിന് പുറത്തുള്ള ഉപയോഗശൂന്യമായി കിടക്കുന്ന പൊട്ടിയ പാത്രങ്ങൾ ചിരട്ട മുട്ടത്തോട്, കരിക്കിൻതൊണ്ട്, ടയർ ഇവയൊക്കെ വെള്ളം കെട്ടിക്കിടക്കാൻ ഇടയുള്ള സാഹചര്യങ്ങളാണ്. കെട്ടിടങ്ങളുടെ ടെറസ്, സൺ ഷെയ്ഡ് എന്നിവിടങ്ങളിൽ വെള്ളം കെട്ടിനിൽക്കാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുകയാണ് കൊതുക് പെരുകുന്നത് തടയാനുള്ള ഏറ്റവും മികച്ച പോംവഴി.

ഉപയോഗമില്ലാതെ കിടക്കുന്ന കെട്ടിടങ്ങൾ, ആൾതാമസം ഇല്ലാത്ത വീടുകളുടെ പരിസരം, ആക്രിക്കടകൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിലെ ഉറവിട നശീകരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഉറവിട നശീകരണം നടത്തുന്നതിന്റെ പ്രാധാന്യം എല്ലാ കൂട്ടായ്മകളിലും സജീവമായി വീടുകളിലും, സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും പൊതുസ്ഥലങ്ങളിലും ഊർജ്ജിത ഉറവിട നശീകരണം നടത്തുന്നതിലൂടെ ഡെങ്കി പ്രതിരോധത്തിൽ നമുക്ക് ഓരോരുത്തർക്കും പങ്കാളിയാകാൻ കഴിയും. പൊതുജന പങ്കാളിത്തം ഉറവിട നശീകരണത്തിലും രോഗപ്രതിരോധത്തിലും വളരെ പ്രധാനപ്പെട്ടതാണ്.

# മത്സ്യബന്ധന മേഖലയുടെ സമഗ്ര വികസനത്തിന് 977. 48 കോടിയുടെ പ്രോജക്ട് റിപ്പോർട്ടുകൾ സമർപ്പിച്ചു

**തൃശൂർ:** കേരളത്തിലെ മത്സ്യബന്ധന മേഖലയുടെ സമഗ്ര വികസനത്തിനായുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ കേന്ദ്ര ഫീഷറീസ്, മൃഗ സംരക്ഷണ, ക്ഷീര വികസന വകുപ്പ് മന്ത്രി പർഷോത്തം രൂപാലയ്ക്ക് സമർപ്പിച്ചു.

977. 48 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകളാണ് നാട്ടിക നിയോജക മണ്ഡലത്തിൽ തൃപ്രയാർ ടി എസ് ജി എ സ്റ്റേഡിയത്തിൽ നടന്ന സാഗർ പരിക്രമ യാത്രയുടെയും തീരസദസ്സിന്റെയും ഉദ്ഘാടന ചടങ്ങിൽ വെച്ച് സമർപ്പിച്ചത്.

സംസ്ഥാനത്തെ തീരദേശത്തിന്റെ മുഖച്ഛായ തന്നെ മാറ്റുന്ന 15 പദ്ധതികളുടെ പദ്ധതി രേഖകളാണ് പിഎംഎം എസ് വൈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചത്. എസ്റ്റിമേറ്റ് തുക 343 കോടി വരുന്ന തിരുവനന്തപുരം പൊഴിയൂർ , 200 കോടി എസ്റ്റിമേറ്റ് തുക വരുന്ന കാസർകോഡ് അജാനൂർ എന്നിവിടങ്ങളിലെ പുതിയ മത്സ്യബന്ധന ഹാർബറുകൾ . ആലപ്പുഴയിലെ തോട്ടപ്പള്ളി ( എസ്റ്റിമേറ്റ് തുക 200 കോടി), കോഴിക്കോട് ബേപ്പൂർ (എസ്റ്റിമേറ്റ് തുക 80 കോടി ) എന്നി മത്സ്യബന്ധന ഹാർബറുകളുടെ വിപുലീകരണത്തിന്റെയും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം മുതലപൊഴി (എസ്റ്റിമേറ്റ് തുക 50 കോടി), കാസർകോട് ചെറുവത്തൂർ (എസ്റ്റിമേറ്റ് തുക 40 കോടി ) , തൃശൂർ ചേറ്റുവ ( എസ്റ്റിമേറ്റ് തുക 15 കോടി) എന്നീ മത്സ്യബന്ധന ഹാർബറുകളുടെയും തൃശൂർ മുനക്കകടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെയും (എസ്റ്റിമേറ്റ് തുക 11.06 കോടി) നവീകരണം. മലപ്പുറം പടിഞ്ഞാറേക്കര (എസ്റ്റിമേറ്റ് തുക 4.93 കോടി ), കോഴിക്കോട് തിക്കോടി (എസ്റ്റിമേറ്റ് തുക 5.27 കോടി), കണ്ണൂർ ചൂട്ടാട് മഞ്ച (എസ്റ്റിമേറ്റ് തുക 5.55 കോടി) കാസർകോട് നീലേശ്വരം (എസ്റ്റിമേറ്റ് തുക 7 കോടി) എന്നി ഫിഷ് ലാന്റിംഗ് സെന്ററുകളുടെ ആധുനികവൽക്കരണവും താനൂർ (എസ്റ്റിമേറ്റ് തുക 5.22 കോടി), കോഴിക്കോട് (എസ്റ്റിമേറ്റ് തുക 5.25 കോടി ), കോഴിക്കോട് ചെറുവത്തൂർ (എസ്റ്റിമേറ്റ് തുക 5.20 കോടി) എന്നീ മത്സ്യബന്ധന ഹാർബറുകളുടെ ഡ്രെഞ്ചിംഗ് പ്രവർത്തികളുടെ അറ്റകുറ്റപണികളുടെയും പദ്ധതി രേഖയാണ് കൈമാറിയത്. ഹാർബർ എൻജിനീയറിങ് വകുപ്പ് ചീഫ് എൻജിനീയർ ജോമോൻ കെ ജോർജ് , സൂപ്രണ്ടിംഗ് എൻജിനീയർമാർ തുടങ്ങിയവരുടെ മേൽനോട്ടത്തിൽ വകുപ്പിന്റെ ഡിസൈൻ വിങ്ങാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയത്.

# ആരോഗ്യനിലയിലെ പുരോഗതി നിർണായകം: അഹമ്മദ് ദേവർകോവിൽ




**തൃശൂർ:** സാമൂഹ്യ വികസനത്തിന്റെ നിർണായക മേഖലകളിൽ ഒന്നാണ് ജനങ്ങളുടെ ആരോഗ്യനിലയിലെ പുരോഗതിയെന്നും പൊതുജനാരോഗ്യ രംഗത്ത് കേരളം സമാനതകളില്ലാത്ത വികസനക്കുതിപ്പാണ് നടത്തി വരുന്നതെന്നും തുറമുഖ മ്യൂസിയം പുരാവസ്തു വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ. എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ ചാമക്കാല കുടുംബാരോഗ്യ കേന്ദ്രത്തിൽ ആംബുലൻസ് , ലബോറട്ടറി, വിശ്രമമുറി എന്നിവയുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി .

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഉയർന്ന ആരോഗ്യനിലവാരം കൈവരിച്ചിട്ടുണ്ട് എന്നത് അഭിമാനകരമായ നേട്ടമാണ്. അംഗീകൃത ആരോഗ്യ സൂചകങ്ങളായ പൊതു മരണനിരക്ക്, പൊതു ജനന നിരക്ക്, ശിശുമരണനിരക്ക്, ആയുർദൈർഘ്യം എന്നിവയിൽ വികസിത രാജ്യങ്ങൾക്കൊപ്പമാണ് നമ്മുടെ സ്ഥാനം. ആരോഗ്യ മേഖലക്ക് നമ്മൾ നൽകി വരുന്ന പ്രാധാന്യത്തിന്റെ ഉത്തമ ഉദാഹരണമാണ് നമ്മുടെ ആരോഗ്യ മേഖലക്ക് ലഭിച്ച് വരുന്ന അംഗീകാരങ്ങളെന്നും മന്ത്രി പറഞ്ഞു.

2016ൽ ആരോഗ്യ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം 665 കോടി രൂപയായിരുന്നുവെങ്കിൽ,ഇപ്പോഴത് നാലിരട്ടിലധികം വർധിച്ച് 2,828 കോടി രൂപയാക്കി എന്നത് മാത്രം മതി സംസ്ഥാന സർക്കാർ ആരോഗ്യ മേഖലക്ക് നൽകി വരുന്ന പ്രാധാന്യം മനസ്സിലാക്കാനെന്നും 885 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 630 എണ്ണം കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിരിക്കുകയാണെന്നും 4261 സബ് സെന്ററുകളെ ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളായി ഉയർത്തി വരികയാണെന്നും മന്ത്രി പറഞ്ഞു.

ജീവിതശൈലീ രോഗനിർ ണയത്തിനായി പുതു ചുവടുവയ്പ്പാണ് കേരളം നടത്തി വരുന്നത്. ആർദ്രം ജനകീയ ക്യാബയിനിലൂടെ 1.33 കോടിയോളം പേരെ ആരോഗ്യ പ്രവർത്തകർ വീടുകളിലെത്തി സ്ക്രീനിംഗ് നടത്തി. സംസ്ഥാനത്ത് ഓക്സിജൻ സ്വയംപര്യാപ്തത ഉറപ്പാക്കാൻ സാധിച്ചുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ ലബോറട്ടറി, ആശാവർക്കർമാർക്കുള്ള വിശ്രമ കേന്ദ്രം തുടങ്ങിയവ ഗ്രാമപഞ്ചായത്ത് പദ്ധതി പ്രകാരവും സ്വാന്തന പരിചരണത്തിനായി പുതിയ ആംബുലൻസ്, കവാടം എന്നിവ ഇ.ടി ടൈസൺ മാസ്റ്റർ എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചുമാണ് സജ്ജമാക്കിയിരിക്കുന്നത്.

ചടങ്ങിൽ ടൈസൺ മാസ്റ്റർ എംഎൽഎ അധ്യക്ഷനായി. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി കെ ഗിരിജ, ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എന്നിവർ ചടങ്ങിൽ മുഖ്യാതിഥികളായി. എടത്തിരുത്തി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി കെ ചന്ദ്രബാബു , സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ പി. ആർ നിഖിൽ, വാസന്തി തിലകൻ , എം എസ് നിഖിൽ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ വി എസ് ജിനേഷ്, എം കെ ഫൽഗുണൻ , നൗമി പ്രസാദ്, . വാർഡ് മെമ്പർ കെ എസ് അനിൽകുമാർ , ആസൂത്രണ സമിതി ഉപാധ്യക്ഷൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെ ആർ സുരേഷ് , ചാമക്കാല കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോക്ടർ കെ വി നിതീഷ് , മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ശബരി വിമാനത്താവളം: എസ്റ്റേറ്റിനു പുറത്ത് 123.53 ഹെക്ടർ ഏറ്റെടുക്കും

**എരുമേലി:** ശബരിമല ഗ്രീൻ ഫീൽഡ് വിമാനത്താവളം യാഥാർഥ്യമാക്കാൻ സർവകക്ഷി യോഗത്തിൽ ജനപ്രതിനിധികളുടെയും രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും സംഘടനകളുടെയും പൂർണ പിന്തുണ. സ്ഥലം നഷ്ടപ്പെടുന്ന കുടുംബങ്ങൾക്ക് മികച്ച പാക്കേജ് നടപ്പാക്കണമെന്ന് സർക്കാരിനോട് യോഗം ആവശ്യപ്പെട്ടു.സ്ഥലം നഷ്ടപ്പെടുന്ന കുടുംബത്തിൽ ഒരാൾക്ക് വിമാനത്താവളത്തിൽ ജോലി സംവരണം ചെയ്യണം. സ്ഥലം നഷ്ടപ്പെടുന്നവരിൽ താൽപര്യമുള്ളവർക്ക് വിമാനത്താവള ഓഹരികൾ വാങ്ങുന്നതിനു മുൻഗണന നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെടാനും എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു.

നാട്ടുകാരുടെ ആശങ്കകൾ പരിഹരിക്കുന്നതിനു 24നു 4നു ശബരി ഓഡിറ്റോറിയത്തിൽ ജനകീയ കൺവൻഷൻ നടത്തും. ഗവ. ചീഫ് വിപ എൻ. ജയരാജ്, ആന്റോ ആന്റണി എംപി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അജിതാ രജീഷ്, പഞ്ചായത്ത് പ്രസിഡന്റ് മറിയാമ്മ സണ്ണി, മണിമല പഞ്ചായത്ത് പ്രസിഡന്റ് ജയിംസ് പി.സൈമൺ, ജില്ലാ പഞ്ചായത്ത് അംഗം ജെസി ഷാജൻ, പഞ്ചായത്ത് സ്ഥിര സമിതി അധ്യക്ഷ ലിസി സജി, ബ്ലോക്ക് പഞ്ചായത്ത് സ്ഥിര സമിതി അധ്യക്ഷൻ ടി.എസ്.കൃഷ്ണകുമാർ തുടങ്ങിയവർ പ്രസംഗിച്ചു. വിമാനത്താവളം സ്പെഷൽ ഓഫിസർ വി.തുളസീദാസിന്റെ ഓഫിസിൽ നിന്നുള്ള സാങ്കേതിക വിദഗ്ധർ നടപടികൾ വിശദീകരിച്ചു.

വിമാനത്താവളത്തിനായി 916.27 ഹെക്ടറുള്ള ചെറുവള്ളി എസ്റ്റേറ്റിനു പുറമേ സമീപ പ്രദേശത്തെ നാട്ടുകാരുടെ 123.53 ഹെക്ടർ കൂടി ഏറ്റെടുക്കാനുള്ള നടപടിയുമായി സർക്കാർ. സ്വകാര്യഭൂമി ഏറ്റെടുക്കരുതെന്നാണു സ്ഥലം നഷ്ടപ്പെടുന്നവരിൽ ഒരു വിഭാഗത്തിന്റെ ആവശ്യം. ഈ ആവശ്യം ഉന്നയിച്ച് ഒരു വിഭാഗം കോടതിയെ സമീപിച്ചിട്ടുണ്ട്.സ്ഥലത്തിന്റെ ഘടന മൂലം റൺവേയുടെ നീളം അനുസരിച്ചാണ് സ്വകാര്യസ്ഥലം കൂടി ഏറ്റെടുക്കാൻ നിർബന്ധിതരായതെന്നു സാങ്കേതിക വിദഗ്ധർ ജനകീയ യോഗത്തിൽ വിശദീകരിച്ചു. 3,500 മീറ്ററാണു റൺവേയ്ക്കു വേണ്ടത്. റൺവേയുടെ ഒരു വശത്ത് 480 മീറ്റർ അകലത്തിലും മറുവശത്ത് 980 മീറ്റർ അകലത്തിലും സിഗ്നലിങ് സംവിധാനം സ്ഥാപിക്കും. ഇതോടെ റൺവേയുടെ ആകെ നീളം 4,960 മീറ്ററാകും. അൽപം ചരിഞ്ഞ വിധമാണ് റൺവേയുടെ ഘടന.



# മഴയെത്തി, തോടുകളും കൈത്തോടുകളും മാലിന്യം കൊണ്ടു നിറഞ്ഞു

**ആലപ്പുഴ:** മഴ തുടങ്ങിയപ്പോൾ മുതൽ നഗരത്തിലെ തോടുകൾ, കൈത്തോടുകൾ, പൊഴി എന്നിവ മാലിന്യം കൊണ്ടു നിറഞ്ഞു. മഴക്കാല പൂർവ ശുചീകരണ പ്രവൃത്തികളുടെ ഭാഗമായി തോടുകൾ, കൈത്തോടുകൾ, പൊഴി എന്നിവയിലെ മാലിന്യങ്ങളും നീരൊഴുക്കിന് തടസ്സമായ കാടും മറ്റും നീക്കം ചെയ്ത് ആഴം വർധിപ്പിക്കാതിരുന്നതാണ് കാരണം.

മാളികമുക്ക് കടപ്പുറത്തു നിന്നും തുടങ്ങി മംഗലം, കാഞ്ഞിരംചിറ പ്രദേശങ്ങളിൽ ചുറ്റിക്കറങ്ങി ബൈപാസിന്റെ അടിയിൽക്കൂടി വെള്ളാപ്പള്ളയിൽ എത്തി വാടത്തോട്ടിൽ പതിക്കുന്നു. മുതലപ്പൊഴി തുടങ്ങുന്നിടത്ത് വീതി കൂടുതലാണെങ്കിലും പിന്നീട് വീതി കുറയുന്നു. മാളികമുക്ക് ബൈപാസിന് താഴെ വലുപ്പം കുറഞ്ഞ പൈപ്പ് സ്ഥാപിച്ചതോടെ പൊഴി ഭാഗികമായി അടഞ്ഞു. ഇവിടെ ചെളിയും മാലിന്യവും നിറഞ്ഞ് ഒഴുക്ക് നിലച്ചു. പൈപ്പ് മാറ്റുകയോ ചെളിയും മാലിന്യവും നീക്കാൻ ചെയ്യാൻ തുടർച്ചയായ സംവിധാനം ഒരുക്കുകയോ ചെയ്യുന്നില്ലെങ്കിൽ പ്രദേശങ്ങൾ വെള്ളത്തിലാകും.

ബീച്ച് വനിതാ ശിശു ആശുപത്രിയുടെ തെക്കുവശം കടലിൽ നിന്നും തുടങ്ങി വടക്ക്, തെക്ക് ഭാഗത്തേക്ക് തിരിഞ്ഞാണ് അയ്യപ്പൻ പൊഴി പോകുന്നത്. തെക്കും വടക്കും റെയിൽപാളത്തിന്റെ അടിയിൽക്കൂടി കിഴക്കോട്ട് ഒഴുകി വിവിധ വാർഡുകളുടെ പ്രദേശങ്ങളിൽ കൂടിയും പോകുന്നു. കാലങ്ങളായുള്ള വിവിധ തരം മാലിന്യങ്ങൾ നിറഞ്ഞിരിക്കുന്നു. ചില സ്ഥലങ്ങളിൽ കല്ല് കെട്ടിയതല്ലാതെ മാലിന്യം നീക്കുകയോ ആഴം വർധിപ്പിക്കുകയോ ചെയ്തില്ല. കടലിലേക്ക് വെട്ടി വയ്ക്കുമ്പോൾ വെള്ളം ഒഴുകിപ്പോകും എന്നല്ലാതെ മാലിന്യം മാറില്ല.

വട്ടയാൽ, ബീച്ച്, വാടയ്ക്കൽ, ഗുരുമന്ദിരം, ഇരവുകാട് വാർഡുകളെ ബന്ധിപ്പിച്ച് കടലിൽ നിന്നും തുടങ്ങുന്ന വാടപ്പൊഴി നഗരത്തിന്റെ തെക്കൻ ഭാഗങ്ങളെ വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കുന്നതാണ്. പക്ഷേ പൊഴിയുടെ എല്ലായിടത്തും ചെളിയും മാലിന്യവും നിറ!ഞ്ഞിരിക്കുന്നതിനാൽ ഒഴുക്കില്ല.

തുറമുഖ നഗരത്തിന്റെ പ്രതാപ് കാലത്ത് ഷഡാമണി, റാണി തോടുകളിലൂടെ ബോട്ടും വള്ളവും സഞ്ചരിച്ചതാണ്. ഇപ്പോൾ തോടിന് പലയിടത്തും ഓടയുടെ വലുപ്പം പോലുമില്ല. വീതിയുള്ള സ്ഥലങ്ങളിൽ സംരക്ഷണവും ശുചീകരണവും നടത്തുന്നില്ല. ഇരുമ്പ് പാലം, കൊട്ടാരപ്പാലം എന്നിവിടങ്ങളിലെ ഷഡാമണി തോട് മാലിന്യവും ചെളിയും നിറഞ്ഞു. ടിഡി ചിറ, സിവിൽ സ്റ്റേഷൻ, ഇരവുകാട് വാർഡുകളിൽ റാണി തോട് ദുർഗന്ധം പരത്തുന്നു. കൊതുക്, സാംക്രമിക രോഗങ്ങൾ എന്നിവയുടെ ഭീഷണിയിലാണെന്നും നാട്ടുകാർ പറഞ്ഞു.

# മത്സ്യമേഖലയിൽ ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുമെന്ന് മന്ത്രി സജി ചെറിയാൻ

**മലപ്പുറം:** മത്സ്യമേഖലയ്ക്ക് മുന്തിയ പരിഗണന കൊടുത്ത് അവരെ മുഖ്യധാരയിലേക്ക് ഉയർത്തുന്ന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ. പൊന്നാനി എം.ഇ.എസ് കോളേജിൽ സംഘടിപ്പിച്ച തീരസദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പതിനാറായിരം കോടി രൂപയുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഫിഷറീസ് വകുപ്പ് മാത്രം ഈ ഏഴു വർഷത്തിനകം നടപ്പിലാക്കി. അതിന്റെ ഫലമായി തീര മേഖലയിലും മത്സ്യമേഖലയിലും വലിയ മാറ്റങ്ങൾ ഉണ്ടായി. അതിനെ സമ്പൂർണ്ണമായ ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങളാണ് സർക്കാർ അടുത്ത മൂന്ന് വർഷം നടപ്പാക്കുക. തീരസംരക്ഷണത്തിന് അടിയന്തര നടപടികൾ സ്വീകരിക്കും.

21000 ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിക്കണം. കേരളത്തിലെങ്ങും പുനർഗേഹം ഫ്ലാറ്റുകൾ നിർമിക്കുകയാണ്.അത് പൂർണമാക്കണം.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ പുരോഗതിയാണ് സർക്കാർ ലക്ഷ്യമിടുന്ന മറ്റൊരു കാര്യം. രക്ഷിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനച്ചെലവ് സർക്കാർ ഏറ്റെടുക്കുമെന്നും മന്ത്രി പറഞ്ഞു.

# ഹൃദ്യം വഴി 6000 ലധികം കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തി

**തിരുവനന്തപുരം:**ആരോഗ്യ വകുപ്പിന്റെ ഹൃദ്യം പദ്ധതിയിലൂടെ 6,015 കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഈ വർഷം ഇതുവരെ 561 കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ നടത്താനായി. ഹൃദ്രോഗത്തിന്റെ തീവ്രതയനുസരിച്ച് കാലതാമസമില്ലാതെ കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ വലിയ ഇടപെടലുകളാണ് സർക്കാർ നടത്തി വരുന്നത്. കഴിഞ്ഞയാഴ്ച വിളിച്ചു ചേർത്ത അവലോകന യോഗത്തിൽ ഹൃദ്യം പദ്ധതി വഴി ഹൃദയ ശസ്ത്രക്രിയ നടത്താൻ കൂടുതൽ ആശുപത്രികളിൽ സൗകര്യങ്ങളൊരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയാസംവിധാനം ശക്തിപ്പെടുത്തുന്നതിന് നാലംഗ വിദഗ്ധ സമിതി രൂപീകരിച്ചതായും മന്ത്രി വ്യക്തമാക്കി.ജന്മനായുള്ള ഹൃദ്രോഗം സമയബന്ധിതമായി ഹൃദയ ശസ്ത്രക്രിയ നടത്തി കുഞ്ഞുങ്ങളെ മരണത്തിൽ നിന്നും രക്ഷപ്പെടുത്താനാകും. 9 സർക്കാർ, സ്വകാര്യ ആശുപത്രികൾ ഇതിനായി എംപാനൽ ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളജ്, എറണാകുളം ജനറൽ ആശുപത്രി ഉൾപ്പെടെ കൂടുതൽ ആശുപത്രികളിൽ കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയ നടത്താനുള്ള സംവിധാനമൊരുക്കുന്നതാണ്. അത്യാഹിത സ്വഭാവമുള്ള കേസുകളാണെങ്കിൽ 24 മണിക്കൂറിനകം ശസ്ത്രക്രിയയ്ക്ക് ഒഴിവുള്ള ആശുപത്രിയിൽ കുഞ്ഞിനെ പ്രവേശിപ്പിച്ച് വിദഗ്ധ ചികിത്സ ലഭ്യമാക്കും. നവജാത ശിശുക്കൾ മുതൽ 18 വയസുവരെയുള്ള കുട്ടികൾക്ക് ഹൃദ്യം പദ്ധതിയിലൂടെ സൗജന്യ ഹൃദയ ശസ്ത്രക്രിയയും ചികിത്സയും തുടർപരിചരണവും നടത്താനാകും. ഗർഭസ്ഥ ശിശുവിന് ഹൃദ്രോഗം കണ്ടെത്തിയാൽ പോലും പ്രസവം മുതലുള്ള തുടർചികിത്സകൾ ഹൃദ്യം പദ്ധതിയിലൂടെ സൗജന്യമായി ലഭ്യമാക്കുന്നു.ഹൃദ്യത്തിലൂടെ




ഹൃദ്രോഗ ചികിത്സ തേടിയ കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്കും വികാസത്തിനും പിന്തുണ നൽകുന്ന തുടർപിന്തുണാ പദ്ധതിയും ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സാധാരണ കുഞ്ഞുങ്ങളെ അപേക്ഷിച്ച് ഇത്തരം കുട്ടികൾക്ക് കൂടുതൽ പിന്തുണ ആവശ്യമാണ്. ഈ കുഞ്ഞുങ്ങളെ പരിശോധന നടത്തി അതിൽ പ്രശ്നമുണ്ടെന്ന് കണ്ടെത്തിയവർക്ക് ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ വഴി തുടർ ചികിത്സ ഉറപ്പാക്കി വരുന്നു.

# ശുചിത്വത്തിനൊപ്പം കളമശ്ശേരി: പ്രധാന സ്ഥലങ്ങൾ സൗന്ദര്യവൽക്കരിക്കുമെന്ന് മന്ത്രി പി രാജീവ്

**കൊച്ചി:** കളമശ്ശേരി മണ്ഡലം മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ശുചിത്വത്തിനൊപ്പം കളമശ്ശേരി പദ്ധതി തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാന സ്ഥലങ്ങൾ സൗന്ദര്യവൽക്കരിക്കുമെന്ന് മന്ത്രി പി രാജീവ്. കുസാറ്റ് ഗസ്റ്റ് ഹൗസിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായി( എൻ എച്ച് എ ഐ) സഹകരിച്ച് കണ്ടെയ്നർ റോഡ് ആരംഭിക്കുന്ന ഭാഗത്ത് നിന്നും സൗന്ദര്യവൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും. ഫുഡ്പാത്ത് ഉൾപ്പെടെ പരിസരം വൃത്തിയാക്കുകയും മറ്റു വാഹനങ്ങൾ പാർക്ക് ചെയ്യാൻ സാധിക്കാത്ത രീതിയിൽ ബാരിക്കേടുകൾ സ്ഥാപിക്കുകയും ചെയ്യുമെന്ന് മന്ത്രി പറഞ്ഞു.കണ്ടെയ്നർ റോഡിന് എതിർവശത്ത് റെയിൽവേയോട് ചേർന്ന് നിൽക്കുന്ന ഭാഗത്ത് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തും. ഇവിടെ ആവശ്യമായ പ്രാഥമിക സൗകര്യങ്ങളോടുകൂടി കംഫർട്ട് സ്റ്റേഷൻ ഉൾപ്പെടെ തയ്യാറാക്കും. എൻ എച്ച് എ ഐ യുടെ സ്ഥലത്ത് പദ്ധതി ആരംഭിക്കുന്നതിന് കളമശ്ശേരി മുനിസിപ്പാലിറ്റിക്ക് എൻ ഒ സി നൽകും. മറ്റ് പാർക്കിങ്ങുകൾ ഇവിടെ നിന്നും ഒഴിവാക്കും.ചാക്കോളാസ് പവലിയൻ, ഡെക്കാത്തലൺ എന്നിവയുടെ സഹകരണത്തോടെ ഈ ഭാഗത്ത് സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കും. കളമശ്ശേരി മുൻസിപ്പാലിറ്റി, ഏലൂർ മുനിസിപ്പാലിറ്റി എന്നിവയുടെ സഹകരണത്തോടെ കണ്ടെയ്നർ റോഡിൽ ക്യാമറ സംവിധാനം, സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു. അങ്കമാലി മുതൽ ഇടപ്പള്ളി വരെയുള്ള റോഡ് സൗന്ദര്യവൽക്കരിക്കുന്നതിന് ആവശ്യമായ നടപടികൾ ഒരാഴ്ചയ്ക്കകം ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി. റോഡിന്റെ മീഡിയൻ ഉൾപ്പെടെ ഇരുവശങ്ങളും ഭംഗിയാക്കും. 10 കോടി രൂപയുടെ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പിലാക്കുന്നതെന്നും മന്ത്രി പറഞ്ഞു.കളമശ്ശേരിയിൽ പ്രവർത്തിക്കുന്ന നിപ്പോൺ ടയോട്ടയ്ക്ക് മുൻവശത്ത് റിന്യൂവബിൾ പാർക്ക് ആരംഭിക്കും. എൻ എച്ച് എ ഐ യുടെ സ്ഥലത്ത് നിപ്പോൺ ടയോട്ടയുമായി സഹകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. മുത്തകുന്നം മുതൽ ഇടപ്പള്ളി ഭാഗം വരെയുള്ള റോഡിന്റെ വീതി കൂട്ടൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് യോഗം ചേരുമെന്നും മന്ത്രി അറിയിച്ചു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കെഎസ്ഇബി, വാട്ടർ അതോറിറ്റി, റ



വന്യൂ, പോലീസ്, മൈനിങ് ആൻഡ് ജിയോളജി തുടങ്ങിയ വിവിധ വകുപ്പുകളെ സംഘടിപ്പിച്ചാണ് യോഗം ചേരുന്നത്. 2025 മാർച്ചിന് മുമ്പായി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.കൊച്ചി യൂണിവേഴ്സിറ്റി ജംഗ്ഷനിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും. മെട്രോയുടെ നേതൃത്വത്തിൽ ഫുട്പാത്ത് നവീകരിക്കും. മഞ്ഞുമ്മൽ ഭാഗത്ത് കൽവെർട്ട് താഴ്ന്നിരിക്കുന്നതിനാൽ വെള്ളക്കെട്ട് ഉണ്ടാകുന്നുണ്ട്. ഇവിടെ വെള്ളക്കെട്ട്, വെള്ളം ഒഴുകി പോകാൻ ഉള്ള തടസ്സം എന്നിവ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. മഞ്ഞുമ്മൽ ഗൗഡൗണിൽ നിന്ന് സർവീസ് റോഡ് ഫാക്റ്റ് സിഗ്നൽ വരെ ദീർഘിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.ദേശീയപാത പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പരിഹരിക്കുന്നതിനായി മന്ത്രിയുടെ നേതൃത്വത്തിൽ കണ്ടെയ്നർ റോഡ് ആരംഭിക്കുന്ന ഭാഗം, പുതിയറോഡ്, മഞ്ഞുമ്മൽ ഭാഗത്തെ വെള്ളക്കെട്ട് ഉണ്ടാകുന്ന പ്രദേശം, നിപ്പോൺ ടയോട്ടക്ക് സമീപം, കൊച്ചിൻ യൂണിവേഴ്സിറ്റി പരിസരം, ഇടപ്പള്ളി തുടങ്ങിയ ഭാഗങ്ങൾ നേരിട്ട് സന്ദർശനം നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തി. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ റീജിയണൽ ഡയറക്ടർ ബി എൽ മീണ, കളമശ്ശേരി മുനിസിപ്പാലിറ്റി ചെയർപേഴ്സൺ സീമ കണ്ണൻ, ഏലൂർ നഗരസഭ ചെയർമാൻ എ ഡി സുജിൽ, എൻ എച്ച് എ ഐ പ്രൊജക്റ്റ് ഡയറക്ടർമാർ, വിവിധ വകുപ്പ് പ്രതിനിധികൾ എന്നിവരും മന്ത്രിയോടൊപ്പം സ്ഥലം സന്ദർശിച്ചു.

## ബാലവേല വിരുദ്ധ ദിനം:ബോധവത്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം



**കൊച്ചി:** ലോക ബാലവേല വിരുദ്ധദിനത്തോടനുബന്ധിച്ച് ജില്ലാ ഭരണകൂടത്തിന്റെയും തൊഴിൽ വകുപ്പിന്റെയും നേതൃത്വത്തിൽ ജില്ലയിൽ ബോധവത്കരണ പരിപാടികൾ ആരംഭിച്ചു. ബാലവേല വിരുദ്ധ സന്ദേശം ഉൾകൊള്ളിച്ച് സിവിൽ സ്റ്റേഷനിൽ നടത്തിയ പരിപാടിയിൽ അഡീഷ്ണൽ ജില്ലാ മജിസ്ട്രേറ്റ് എസ്. ഷാജഹാൻ ബാലവേല വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർന്ന് കളമശ്ശേരി രാജഗിരി ഔട്ട് റീച്ച് കോളേജിലെ വിദ്യാർത്ഥികൾ ഫ്ളാഷ് മോബ് അവതരിപ്പിച്ചു. ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെയും കളമശ്ശേരി രാജഗിരി കോളേജിന്റെയും ഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. ചടങ്ങിൽ ജില്ലാ ലേബർ ഓഫീസർ പി.ജെ വിനോദ് കുമാർ അധ്യക്ഷത വഹിച്ചു. ചൈൽഡ് ലൈൻ നോഡൽ കോ ഓഡിനേറ്റർ ചാൾസ് ചെറിയാൻ, രാജഗിരി ഔട്ട് റീച്ച് ജില്ലാ കോ ഓഡിനേറ്റർ അഭിജിത് ലാൽ, വിവിധ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, തുടങ്ങിയവർ പങ്കെടുത്തു.
ബോധവൽക്കരണത്തിന്റെ ഭാഗമായി ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി ഇന്ന് രാവിലെ 10 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ക്വിസ് മത്സരം സംഘടിപ്പിക്കും. ജില്ലയിൽ ബാലവേല കൂടുതലായി നടക്കുന്ന മേഖലകൾ തിരിച്ച് തൊഴിലിടങ്ങളിലും ലേബർ ക്യാമ്പുകളിലും പരിശോധന ശക്തമാക്കും. തങ്ങളുടെ സ്ഥാപനങ്ങളിൽ ബാലവേല ഇല്ലെന്ന് സാക്ഷ്യപ്പെടുത്തുന്നതിന് തൊഴിൽ വകുപ്പ് പോസ്റ്റർ നൽകും. ഇത് തൊഴിലുടമകൾ സ്ഥാപനങ്ങളിൽ പതിപ്പിക്കുന്നതിനൊപ്പം ബാലവേല വിരുദ്ധ പ്രതിജ്ഞ എടുക്കണം.

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രോത്സാഹന സമ്മാനം

കൊച്ചി: 2022-2023 അധ്യായന വർഷത്തിൽ മാർച്ച് മാസത്തിൽ നടത്തിയ പത്താംതരം, ടി.എച്ച്.എസ്.എൽ.സി, പ്ലസ് 2, വി.എച്ച്.എസ്.ഇ, ഗവമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളിലെ എസ്.എസ്.എൽ.സി എന്നീ പരീക്ഷകളിൽ ഉയർന്ന മാർക്ക് നേടിയ മത്സ്യത്തൊഴിലാളികളുടെയും, അനുബന്ധ മത്സ്യത്തൊഴിലാളികളുടെയും മക്കൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നതിനുള്ള പദ്ധതി മത്സ്യ ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. 2022 2023 വർഷത്തിൽ കായിക വിനോദ മത്സരങ്ങളിൽ ദേശീയതലത്തിലും സംസ്ഥാന തലത്തിലും ഒന്ന്, ര്, മൂന്ന് സ്ഥാനങ്ങൾ നേടിയവർക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതിയും മത്സ്യ ബോർഡ് മുഖേന നടപ്പാക്കി വരുന്നു. ഈ പദ്ധതികൾക്കായി അപേക്ഷ നൽകുന്നതിനും ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും മത്സ്യ ബോർഡിന്റ ഫിഷറീസ് ഓഫീസുമായോ മേഖല ഓഫീസുമായോ ബന്ധപ്പെടണം. അപേക്ഷ സമർപ്പിക്കേ അവസാന തീയതി ജൂൺ 20 വൈകിട്ട് അഞ്ചു വരെ. ഫോൺ: 0484 2396005

## കെൽട്രോൺ തൊഴിലധിഷ്ഠിത കോഴ്സുകൾ

**കൊച്ചി:** എല്ലാ വിദ്യാർത്ഥികൾക്കും ഫീസ് ഇളവോടുകൂടി കെൽട്രോൺ തൊഴിലധിഷ്ഠിത കോഴ്സുകളായ പിജി / പ്രൊഫഷണൽ ഡിപ്ലോമ ഇൻലോജിസ്റ്റിക്സ് ആൻറ് സപ്ലൈ ചെയിൻ മാനേജ്മെന്റ് , വെയർഹൗസ് ആൻറ് ഇൻവെന്ററി മാനേജ്മെൻറ് കോഴ്സുകൾ പഠിക്കാൻ അവസരം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. കെൽട്രോൺ നോളജ് സെന്റർ ആലുവ ഫോൺ 8136802304

## ഹൈസ്കൂൾ ടീച്ചർ അഭിമുഖം

**കൊച്ചി:** എറണാകുളം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ടീച്ചർ (മലയാളം) (കാറ്റഗറി നമ്പർ: 255/2021), ഹൈസ്കൂൾ ടീച്ചർ (നാചറൽ സയൻസ് (കാറ്റഗറി നമ്പർ 384/2020) തസ്തികകളിലേക്കുള്ള അഭിമുഖം ജൂൺ 14, 15, 16 തീയതികളിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ എറണാകുളം ജില്ലാ മേഖലാ ഓഫീസിൽ നടത്തും. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ് പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്ത് നിശ്ചിത സമയത്ത് ഹാജരാക്കോണ് .

## ന്യൂമീഡിയ &- ഡിജിറ്റൽജേണലിസം ഡിപ്ളോമ: ജൂൺ 25 വരെ അപേക്ഷിക്കാം

**കൊച്ചി:** കേരള മീഡിയ അക്കാദമിയുടെ ന്യൂമീഡിയ & ഡിജിറ്റൽ ജേർണലിസം ഡിപ്ളോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

6 മാസമാണ് കോഴ്സിന്റെ കാലാവധി. കൊച്ചി വൈകീട്ട് 6 മുതൽ 8 വരെയാണ് ക്ളാസ് സമയം. ഒരേ സമയം ഓൺലൈനിലും ഓഫ്‌ലൈനിലും ക്ളാസ് ലഭ്യമാണ്. തിരുവനന്തപുരത്ത് രാവിലെ 10.30 മുതൽ 12 വരെയാണ് ക്ളാസ് സമയം. സർക്കാർ അംഗീകാരമുള്ള കോഴ്സിന് 35,000 രൂപയാണ് ഫീസ്. ഡിഗ്രിയാണ് വിദ്യാഭ്യാസയോഗ്യത. പ്രായപരിധി ഇല്ല.മൊബൈൽ ജേണലിസം, വെബ് ജേണലിസം, ഓൺലൈൻ റൈറ്റിംഗ് ടെക്നിക്ക്സ്, ഫോട്ടോഗ്രഫി, വീഡിയോഗ്രഫി, വീഡിയോ എഡിറ്റിംഗ് തുടങ്ങിയവയിൽ പ്രായോഗിക പരിശീലനം നൽകും. അനുദിനം മാറുന്ന നവീന സാങ്കേതികവിദ്യകൾ സ്വായത്തമാക്കുന്നതിലൂടെ ഓൺലൈൻ മാധ്യമമേഖലയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്താൻ കോഴ്സ് ഉപകരിക്കും. സർവീസിൽ നിന്നു വിരമിച്ചവർക്കും മറ്റു ജോലികളിലുള്ളവർക്കും അപേക്ഷിക്കാം ജോലി ചെയ്യുന്നവർക്ക് ഡിജിറ്റൽ മാർക്കറ്റിംഗ്, പബ്ലിക് റിലേഷൻസ് ചുമതലകൾ ഏറ്റെടുക്കാൻ സഹായിക്കുന്നതാണു കോഴ്സ്.അപേക്ഷകൾ ഓൺലൈനായി www.keralamediaacademy.org എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാം. സർട്ടിഫിക്കറ്റുകളുടെ പകർപ്പും അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9388959192 (കോഴ്സ് കോഓർഡിനേറ്റർ, കൊച്ചി ) , 9447225524 (കോഴ്സ് കോഓർഡിനേറ്റർ, തിരുവനന്തപുരം ) അവസാന തിയതി 2023 ജൂൺ 25.

## ഇന്റർവ്യൂ 16ന്

**കൊച്ചി:** ജില്ലയിൽ ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ പാർട്ട് 2 (സൊസൈറ്റി ക്വാട്ട* എൻസിഎഇ/ബി/ടി (കാറ്റഗറി നമ്പർ 125/2019), ബ്രാഞ്ച് മാനേജർ പാർട്ട്1 ക(ജനറൽ ക്വാട്ട) 1* എൻസിഎഎസ്.സി (കാറ്റഗറി നമ്പർ 339/2021) തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂ ജൂൺ 16ന് രാവിലെ 11 ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ, എറണാകുളം ജില്ലാ ഓഫിസിൽ നടത്തും. ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കാം.

## വാക് ഇൻ ഇ ഇന്റർവ്യൂ

**കൊച്ചി:** ആലപ്പുഴ, എറണാകുളം, തൃശൂർ, ഇടുക്കി ജില്ലകളിലെ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനു കീഴിലുള്ള വിവിധ ഇ.എസ്.ഐ സ്ഥാപനങ്ങളിലെ അലോപ്പതി വിഭാഗം മെഡിക്കൽ ഓഫീസർമാരുടെ ഒഴിവുകളിലേക്കും, ഇനി ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകളിലേക്കും കരാർ വ്യവസ്ഥയിൽ താത്കാലിക നിയമനം നടത്തുന്നതിന് വാക്ഇൻഇൻറർവ്യൂ. പങ്കെടുക്കുവാൻ താത്പര്യമുള്ള എം.ബി.ബി.എസ് ഡിഗ്രിയും, ടിസിഎംസി രജിസ്ട്രേഷനും ഉള്ള ഉദ്യോഗാർത്ഥികൾ cru.czims@kerala.gov.in ഇമെയിൽ വിലാസത്തിലേക്ക് ഇമെയിൽ വിലാസം, ഫോൺ നമ്പർ എന്നിവയടങ്ങിയ ബയോഡാറ്റ ജൂൺ 15ന് വൈകിട്ട് അഞ്ചിന് മുമ്പായി സമർപ്പിക്കണം.

## കേരള സവാരി:ഡ്രൈവർമാർക്കുള്ള തത്സമയ രജിസ്ട്രേഷൻ ക്യാമ്പ് ചൊവ്വാഴ്ച

**കൊച്ചി:** സർക്കാർ മേഖലയിലുള്ള ആദ്യ ഓൺലൈൻ ഓട്ടോ/ടാക്സി സംരംഭമായ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചതും എറണാകുളത്ത് ഉടൻ തന്നെ ആരംഭിക്കാനിരിക്കുന്ന കേരള സവാരിയുടെ ഡ്രൈവർമാർക്കുള്ള തസ്തമയ രജിസ്ട്രേഷൻ ക്യാമ്പ് ചൊവാഴ്ച്ച(ജൂൺ 13) തോപ്പുംപടി സേവ്യർ ഹാളിൽ സംഘടിപ്പിക്കുന്നു. ക്യാമ്പിൽ എല്ലാ ഓട്ടോ, ടാക്സി ഡ്രൈവർമാരും അവരുടെ ലൈസൻസ്, ആർ.സി എന്നിവയുമായി എത്തി രജിസ്ട്രേഷൻ നടത്തണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9895147102, 9895814474.

# അത്യാധുനിക ഹെയർ റിസ്റ്റോറേഷൻ ക്ലിനിക്കുമായി ആസ്റ്റർ മെഡ്സിറ്റി



**കൊച്ചി:** മുടികൊഴിച്ചിലിന് ശാശ്വത പരിഹാരം തേടുന്നവർക്കായി അത്യാധുനിക സംവിധാനങ്ങളുമായി ലോകോത്തര നിലവാരമുള്ള ഹെയർ റിസ്റ്റോറേഷൻ ക്ലിനിക്ക് ഒരുക്കി ആസ്റ്റർ മെഡ്സിറ്റി. ചലച്ചിത്ര സംവിധായകൻ ജൂഡ് ആന്റണി ജോസഫ് ക്ലിനിക്ക് ഉദ്ഘാടനം ചെയ്തു.മുടികൊഴിച്ചിൽ കാരണം വിഷമതകൾ അനുഭവിക്കുന്ന നിരവധിയാളുകളുടെ ജീവിതത്തിൽ പോസിറ്റീവായ മാറ്റങ്ങൾ കൊണ്ടുവരാൻ ആസ്റ്റർ മെഡ്സിറ്റിയുടെ ഈ ക്ലിനിക്കിന് സാധിക്കുമെന്ന് ജൂഡ് ആന്റണി ജോസഫ് പറഞ്ഞു. അതിന് തുടക്കം കുറിക്കാനായതിലുള്ള അതിയായ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.മുടിയുടെ ട്രാൻസ്പ്ലാന്റ്, റീബൗണ്ടിങ്, റിസ്റ്റോറേഷൻ, എന്നിവ വേദനയില്ലാതെയും വളരെ സുരക്ഷിതമായും മുറിപ്പാടുകളില്ലാതെയും ചെയ്യാൻ ആസ്റ്റർ ഹെയർ റിസ്റ്റോറേഷൻ ക്ലിനിക്ക് വഴി സാധിക്കും. മുടികൊഴിച്ചിലും കഷണ്ടിയും തടയാൻ ഹെയർ ട്രാൻസ്പ്ലാന്റേഷൻ ഉൾപ്പെടെയുള്ള ചികിത്സകളും ലഭ്യമാണ്. മുടിയുടെ സ്വാഭാവിക ഭംഗി നഷ്ടമാകാതെ സൂക്ഷിക്കുന്ന ഫോളിക്കുലാർ യൂണിറ്റ് ട്രാൻസ്ഫർ (എഫ്.യു.ടി), ആരോഗ്യമുള്ള മുടിയിഴകളെടുത്ത് ശോഷിച്ചുകൊണ്ടിരിക്കുന്ന ഭാഗത്ത് വെയ്ക്കുന്ന ഫോളിക്കുലാർ യൂണിറ്റ് എക്സ്ട്രാക്ഷൻ (എഫ്.യു.ഇ), മുടിയുടെ സ്വാഭാവിക വളർച്ചയ്ക്കായുള്ള പ്ലേറ്റ്ലെറ്റ് റിച്ച് പ്ലാസ്മ തെറാപ്പി, കഷണ്ടി ഫലപ്രദമായി മറയ്ക്കുന്നതിനുള്ള സ്കാൽപ്പ് മൈക്രോപിഗ്മെന്റേഷൻ, പുരികങ്ങളുടെ ഭംഗി വീണ്ടെടുക്കുന്നതിനുള്ള മൈക്രോബ്ലേഡിങ്, തുടങ്ങി നിരവധി അത്യാധുനിക ചികിത്സാരീതികൾ ഈ ക്ലിനിക്കിൽ നിന്നും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താം. മുടി വീണ്ടെടുക്കുന്നതിന് പുറമെ, മുഖത്തിന്റെയും തൊലിയുടെയും ഭംഗി കൂട്ടുന്നതിനുള്ള പ്ലേറ്റ്ലെറ്റ് റിച്ച് പ്ലാസ്മ തെറാപ്പി ചികിത്സയും ലഭ്യമാകും. ഓരോ വ്യക്തിക്കും ആവശ്യമായ ചികിത്സകൾ പ്രത്യേകശ്രദ്ധയോടെ നൽകുകയെന്നതാണ് ആസ്റ്റർ ഹെയർ റീസ്റ്റോറേഷൻ ക്ലിനിക്കിന്റെ ലക്ഷ്യമെന്ന് ആസ്റ്റർ മെഡ്സിറ്റി സീനിയർ കൺസൽട്ടന്റ് പ്ലാസ്റ്റിക്, റീകൺസ്ട്രക്ഷൻ, ഏസ്തെറ്റിക്, ഹാൻഡ് സർജറി വിഭാഗം ഡോ. പോൾ ജോർജ് പറഞ്ഞു.ആസ്റ്റർ ഇന്ത്യ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ, ആസ്റ്റർ ഹെയർ റിസ്റ്റോറേഷൻ ക്ലിനിക്കിലെ മറ്റ് ഡോക്ടർമാർ ആസ്റ്റർ മെഡ്സിറ്റി ആശുപത്രി അധികൃതർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# പുതിയ ഡിയോ അവതരിപ്പിച്ച് ഹോണ്ട



**കൊച്ചി:** സ്മാർട്ട് കീ ഉൾപ്പെടെയുള്ള പുത്തൻ ഫീച്ചറുകൾ ഉൾപ്പെടുത്തി, ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ പുതിയ ഒബിഡി2 മാനദണ്ഡങ്ങൾ പാലിക്കുന്ന 2023 ഡിയോ പുറത്തിറക്കി. ആഗോള നിലവാരത്തിലുള്ള എൻഹാൻസ്ഡ് സ്മാർട്ട് പവർ (ഇഎസ്പി) ശക്തിപ്പെടുത്തുന്ന ഹോണ്ടയുടെ ഏറ്റവും വിശ്വസനീയമായ 110സിസി പിജിഎംഎഫ്ഐ എഞ്ചിനാണ് പുതിയ ഡിയോ മോഡലിനെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും പ്രസിഡന്റും സിഇഒയുമായ സുത്സുമു ഒടാനി പറഞ്ഞു.യുണീക്ക് ഹോണ്ട എസിജി സ്റ്റാർട്ടർ, പ്രോഗ്രാംഡ് ഫ്യുവൽ ഇഞ്ചക്ഷൻ (പിജിഎംഎഫ്ഐ), മെച്ചപ്പെടുത്തിയ സ്മാർട്ട് ടംബിൾ ടെക്നോളജി, ഫ്രിക്ഷൻ റിഡക്ഷൻ എന്നിവയുടെ സംയോജനമാണ് എൻഹാൻസ്ഡ് സ്മാർട്ട് പവർ. 70,211 രൂപയാണ് ഡൽഹി എക്സ് ഷോറും പ്രാരംഭ വില.ഹോണ്ട സ്മാർട്ട് കീയാണ് പുതിയ ഡിയോ മോഡലിന്റെ ഏറ്റവും പ്രധാന സവിശേഷത. വാഹനം എളുപ്പത്തിൽ കണ്ടെത്തുന്നതിന് സഹായിക്കുന്ന സ്മാർട്ട് ഫൈൻഡ്, ഫിസിക്കൽ കീ ഉപയോഗിക്കാതെ വാഹനം ലോക്ക് ചെയ്യാനും അൺലോക്ക് ചെയ്യാനും കഴിയുന്ന സ്മാർട്ട് അൺലോക്ക്, സ്മാർട്ട് കീ വാഹനത്തിന്റെ രണ്ട് മീറ്റർ പരിധിക്കുള്ളിലാണെങ്കിൽ റൈഡറെ സുഗമമായി വാഹനം സ്റ്റാർട്ട് ചെയ്യാൻ അനുവദിക്കുന്ന സ്മാർട്ട് സ്റ്റാർട്ട്, വാഹന മോഷണം തടയുന്ന സ്മാർട്ട് സേഫ് എന്നീ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ് ഹോണ്ട സ്മാർട്ട് കീ.12 ഇഞ്ച് ഫ്രണ്ട് വീലോടു കൂടിയ ടെലിസ്കോപിക് സസ്പെൻഷൻ, 18 ലിറ്റർ സ്റ്റോറേജ്, രണ്ട് ലിഡ് ഫ്യുവൽ ഓപ്പണിങ് സിസ്റ്റം, ലോക്ക് മോഡ്, എൻജിൻ സ്റ്റാർട്ട് / സ്റ്റോപ് സ്വിച്ച്, ഫ്രണ്ട് പോക്കറ്റ്, പാസിങ് സ്വിച്ച്, മൂന്ന് തലങ്ങളിലായി ക്രമീകരിക്കാവുന്ന റിയർ സസ്പെൻഷൻ തുടങ്ങിയവയാണ് 2023 ഡിയോ മോഡലിന്റെ മറ്റു സവിശേഷതകൾ. ഈ രംഗത്ത് ആദ്യമായി പത്തു വർഷത്തെ പ്രത്യേക വാറന്റി പാക്കേജും ഹോണ്ട ഡിയോ ഉപഭോക്താക്കൾക്ക് നൽകുന്നു.ഉപഭോക്താക്കളുടെ പ്രതീക്ഷകൾ നിറവേറ്റുന്നതിനുള്ള തങ്ങളുടെ നിരന്തര ശ്രമങ്ങളുടെ സാക്ഷ്യമാണ് പുതിയ ഡിയോ എന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും പ്രസിഡന്റും സിഇഒയുമായ സുത്സുമു ഒടാനി പറഞ്ഞു.പുതിയ 2023 ഡിയോ അതിന്റെ പുതിയ സ്പോർട്ടി അഗ്രസീവ് ഡിസൈനും നൂതന സാങ്കേതികവിദ്യയും കൊണ്ട് ഉപഭോക്താക്കൾക്കിടയിൽ പുതിയ ആവേശം സൃഷ്ടിക്കുമെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.

# 30.58 ശതമാനം വളർച്ച നേടി മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ്

**കൊച്ചി:** മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ഇക്കഴിഞ്ഞ 2022-23 സാമ്പത്തിക വർഷം വരുമാന വളർച്ച, ലാഭവിഹിതം, ആസ്തി നിലവാരം എന്നിവയുൾപ്പെടെ എല്ലാ പ്രധാന സൂചകങ്ങളിലും ശക്തമായ പ്രകടനം കൈവരിച്ചതായി മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് മാനേജിംഗ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു.2022-23 സാമ്പത്തിക വർഷം 30.58 ശതമാനം എന്ന നിലയിൽ ശക്തമായ ഇരട്ട അക്ക വാർഷിക വളർച്ച നേടുന്ന രാജ്യത്തെ ചുരുക്കം ചില എൻബിഎഫ്സികളിൽ ഒന്നാണ് കമ്പനി. 201920 സാമ്പത്തിക വർഷം മുതൽ തുടർച്ചയായി നാല് വർഷങ്ങളിൽ 135 ശതമാനം എന്ന സ്ഥിരതയാർന്ന വർദ്ധനയോടെയുള്ള വളർച്ചയാണ് കമ്പനി നേടിയിട്ടുള്ളത്.മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് 544.44 കോടി രുപ മൊത്ത വരുമാനം നേടി. അറ്റാദായം മുൻ വർഷത്തേക്കാൾ 52 ശതമാനം വർധന നേടിയിട്ടുണ്ട്. നികുതിക്ക് മുമ്പുള്ള ലാഭം 81.77 കോടി രൂപയാണ്. കമ്പനി മാനേജ് ചെയ്യുന്ന ആസ്തി മുൻ സാമ്പത്തിക വർഷത്തെ 2498.60 കോടി രൂപയിൽനിന്ന് 30.58 ശതമാനം വളർച്ചയോടെ 3262.78 കോടി രൂപയിലേക്ക് ഉയർന്നു. കമ്പനിയുടെ എൻപിഎ 0.37 ശതമാനമാണ് ഈ കാലയളവിൽ. ഈ വ്യവസായത്തിലെ ഏറ്റവും മികച്ചതാണ് എൻപിഎ അനുപാതം.തങ്ങളുടെ കാഴ്ചപ്പാടിനും ദൗത്യത്തിനും അനുസൃതമായി കഴിഞ്ഞ നാല് വർഷത്തിനിടെ മുത്തൂറ്റ് മിനി 135 ശതമാനം എന്ന ശ്രദ്ധേയമായ വർദ്ധനവ് കൈവരിക്കുന്നതിൽ സന്തോഷമുണ്ട്. മുത്തൂറ്റ് മിനിയുടെ റേറ്റിംഗ് സ്ഥിരതയോടെ ഓരോ വർഷവും മെച്ചപ്പെട്ടുവരികയാണ്. ശക്തമായ അടിത്തറയുള്ള കമ്പനി വരും മാസങ്ങളിൽ മികച്ച വളർച്ച നേടുമെന്നും മാത്യു മുത്തൂറ്റ് പറഞ്ഞു.2023-24 സാമ്പത്തിക വർഷത്തിൽ രാജ്യത്തുടനീളം 130ലധികം പുതിയ ശാഖകൾ തുറന്ന് 1,000ലധികം ശാഖകൾ എന്ന നാഴികക്കല്ലിലെത്താനും ലക്ഷ്യമിടുന്നു. ഓരോ ശാഖയും ശരാശരി 5 കോടി രൂപയുടെ ആസ്തി മാനേജ് ചെയ്ത് മൊത്തം മാനേജ് ചെയ്യുന്ന ആസ്തി 5000 കോടി രൂപയിലേക്ക് എത്തിക്കാനും ഉദ്ദേശിക്കുന്നു. ഉപഭോക്താക്കൾക്കുള്ള ഡിജിറ്റൽ സൗകര്യങ്ങൾ വർധിപ്പിക്കുന്നതിൻറെ ഭാഗമായി ഈ വർഷം 'മൈ മുത്തൂറ്റ് ആപ്പ് 'കമ്പനി പുറത്തിറക്കുമെന്ന് മുത്തൂറ്റ് മിനി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി ഇ മത്തായി പറഞ്ഞു.കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കമ്പനി 53 പുതിയ ശാഖകൾ തുറന്നിരുന്നു. ഇതു വഴി 2 ലക്ഷം പുതിയ ഉപഭോക്താക്കളെ നേടാനും സാധിച്ചു. ശാഖകളുടെ എണ്ണം 871 ആയി ഉയർന്നിട്ടുണ്ട്. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ കൂടുതൽ ഉപഭോക്താക്കൾക്ക് കമ്പനിയുടെ സാമ്പത്തിക സേവനങ്ങൾ ഇതുവഴി ലഭ്യമാകുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# എസ് പി ഹിന്ദുജയ്ക്ക് ആഗോള ബിസിനസ് സമൂഹത്തിന്റെ ആദരം




**കൊച്ചി:** ഹിന്ദുജ ഗ്രൂപ്പിന്റെ മാർഗദീപമായിരുന്ന അടുത്തിടെ അന്തരിച്ച എസ് പി ഹിന്ദുജയ്ക്ക് ആഗോള ബിസിനസ് സമൂഹത്തിന്റെ ആദരം. ദുബായിൽ സംഘടിപ്പിച്ച പ്രാർത്ഥനാ യോഗത്തിലാണ് ഹിന്ദുജ കുടുംബത്തിന്റെ മുതിർന്ന അംഗമായ എസ് പി ഹിന്ദുജയ്ക്ക് ആദരമർപ്പിക്കാൻ സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ ഒന്നിച്ചു കൂടിയത്.ഹിന്ദുജ ഗ്രൂപ്പിന്റെ ചെയർമാൻ എന്ന നിലയിൽ മാത്രമല്ല വ്യക്തി ജീവിതത്തിലും അദ്ദേഹം കാത്തു സൂക്ഷിച്ച സംശുദ്ധിയുടെ ഓർമപ്പെടുത്തലായി അവിടെക്കൂടിയവരുടെ വാക്കുകൾ. യുഎഇ മന്ത്രി ഹിസ് എക്സലൻസി ഷേയ്ഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻ ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫ് അലി ഉൾപ്പടെയുള്ള ബിസിനസ് പ്രമുഖർ സദ് ഗുരു സ്വാമി ചിദാനന്ദ് സരസ്വതി തുടങ്ങിയവർ അദ്ദേഹത്തിന്റെ നേതൃമികവിനെ അനുസ്മരിച്ചു.

# കേരളത്തിലെ അഗ്രിടെക് സ്റ്റാർട്ടപ്പ് ഫ്യൂസെലേജ് ഗ്ലോബൽ ഒൺട്രപ്രണർഷിപ്പ് പ്രോഗ്രാമിലേക്ക്

**കൊച്ചി:** കേരള സ്റ്റാർട്ടപ്പ് മിഷനിൽ നിന്നുള്ള അഗ്രിടെക് സ്റ്റാർട്ടപ്പായ ഫ്യൂസെലേജിനെ ബ്രിട്ടനിലെ ഗ്ലോബൽ ഒൺട്രപ്രണർഷിപ്പ് പ്രോഗ്രാമിലേക്ക് (ജിഇപി) തെരഞ്ഞെടുത്തു. ഇതോടെ ബ്രിട്ടനിൽ ആസ്ഥാന മന്ദിരം സ്ഥാപിച്ച് പ്രവർത്തനം തുടങ്ങാൻ ഫ്യൂസലേജിന് സാധിക്കും.2020 ൽ ദേവൻ ചന്ദ്രശേഖരനും ദേവിക ചന്ദ്രശേഖരനും ചേർന്ന് ആരംഭിച്ച ഫ്യൂസലേജിന്റെ പ്രധാന കാർഷിക ടെക്നോളജി ഉത്പന്നങ്ങൾ ഡ്രോൺ ഉപയോഗിച്ചുള്ള വളപ്രയോഗം, നിരീക്ഷണം എന്നിവയാണ്. ജിഇപിയിലേക്ക് തെരഞ്ഞെടുത്തതോടെ അന്താരാഷ്ട്രതലത്തിലുള്ള വിദഗ്ധോപദേശം, സാങ്കേതിക സഹായം എന്നിവ നേടാൻ ഫ്യൂസലേജ് അർഹത നേടി.അന്താരാഷ്ട്രതലത്തിൽ കൂടുതൽ ബിസിനസ് നേടാനും സ്വന്തം ഡ്രോൺ, യുഎവി അടക്കമുള്ള ഉത്പന്നങ്ങൾ മറ്റ് വിദേശരാജ്യങ്ങളിലേക്ക് അയക്കാനും ജിഇപിയിലൂടെ ഫ്യൂസലേജിന് സാധിക്കും. ബ്രിട്ടനിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിലൂടെ അവിടുത്തെ ആഭ്യന്തര വാണിജ്യ മന്ത്രാലയത്തിൻറെ സഹകരണത്തോടെ കൂടുതൽ കയറ്റുമതി സാധ്യതയും ലഭിക്കും.സുപ്രധാന വാണിജ്യമേഖലയിലേക്ക് കടന്നു ചെല്ലാൻ ജിഇപിയിലൂടെ സാധിക്കുമെന്ന് കമ്പനി എംഡി ദേവൻ ചന്ദ്രശേഖരൻ പറഞ്ഞു. കയറ്റുമതി വർധിപ്പിക്കാനും യുകെയിലെ സാങ്കേതിക ആവാസവ്യവസ്ഥയിൽ കൂടുതൽ ബന്ധം സ്ഥാപിക്കാനും ഇതിലൂടെ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ആകാശനിരീക്ഷണത്തിലൂടെ തന്നെ വളപ്രയോഗം, രോഗബാധ എന്നിവ മനസിലാക്കാനും അതിൻറെ പരിഹാരം ഡ്രോൺ വഴി തന്നെ നടത്താനുമുള്ള സാങ്കേതികവിദ്യയാണ് ഫ്യൂസലേജിനുള്ളത്. സുസ്ഥിര കൃഷി, ഭക്ഷ്യസുരക്ഷ എന്നിവയ്ക്ക് ഡിജിറ്റൽ കാർഷിക മാതൃക ഏർപ്പെടുത്തുകയും മികച്ച കാർഷിക സംസ്ക്കാരം വളർത്തിയെടുക്കുകയുമാണ് ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.



ആഗോളജനതയ്ക്ക് സഹായകരമാകുന്ന വ്യക്തമായ വാണിജ്യ പദ്ധതിയുള്ള വിദേശ ഉത്പന്നങ്ങളെ മാത്രമേ ജിഇപിയിലേക്ക് തെരഞ്ഞെടുക്കുകയുള്ളൂ. ബ്രിട്ടിനിൽ കമ്പനി ആസ്ഥാനം തുടങ്ങണമെന്ന നിബന്ധനയ്ക്ക് പുറമെ മികച്ച സാങ്കേതികവിദ്യ അടിസ്ഥമാക്കിയുള്ള സേവന ഉത്പന്നമായിരിക്കണം കമ്പനി പുറത്തിറക്കേണ്ടത്. നിലവിൽ ഉപഭോക്താക്കൾ ഉപയോഗിക്കുന്ന ഉത്പന്നമാകണമെന്നതിനു പുറമെ വിപണിയിൽ ഉടനടി ഇറക്കാൻ പറ്റുന്നതുമാകണം. കമ്പനിയുടെ ഭാവി വളർച്ച ബ്രിട്ടൻ ആസ്ഥാനമായുള്ള ഓഫീസ് വഴിയാകണമെന്നും നിർബന്ധമുണ്ട്.

# മൺസൂൺ സർവീസ് പാക്കേജുമായി ജാഗ്വാർ ലാൻഡ് റോവർ

**കൊച്ചി:** ഇന്ത്യയിലുടെനീളമുള്ള ജെഎൽആർ ഷോറൂമുകളിൽ മൺസൂൺ സർവീസ് പാക്കേജ് അവതരിപ്പിച്ച് ജാഗ്വാർ ലാൻഡ് റോവർ ഇന്ത്യ. മഴക്കാലത്ത് റോഡപകടങ്ങൾ ഒഴിവാക്കാനായി ബ്രേക്ക്, വൈപ്പർ, ടയർ, ഫ്ളൂയിഡ്, ബാറ്ററി എന്നിവയുടെ പരിശോധനയ്ക്ക് പുറമെ സൗജന്യ 32 പോയിന്റ് ഹെൽത്ത് ചെക്ക്അപ്പ്, ബ്രാൻഡഡ് ഉൽപന്നങ്ങൾക്കും ആക്സസ്സറികൾക്കും പ്രത്യേക ഓഫറുകൾ തുടങ്ങിയവ ഉണ്ടായിരിക്കുന്നതാണ്. ഇതോടൊപ്പം തന്നെ പ്രത്യേകം തയാറാക്കിയ ഡ്രൈവർ പരിശീലന പരിപാടിയും ഉൾപ്പെടുത്തിയിട്ടുണ്ട്. മഴക്കാലത്ത് ഡ്രൈവിങ്ങുമായും വാഹനം പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ വശങ്ങളും ഈ പരിശീലന പരിപാടി ചർച്ച ചെയ്യും. ജൂൺ 17 വരെയാണ് പ്രത്യേക മൺസൂൺ സർവീസ് പാക്കേജ്.

# ദേശീയതലത്തിൽ മികച്ച റാങ്ക് കരസ്ഥമാക്കി സിമാറ്റ്സ് എഞ്ചിനീയറിംഗ്

**കൊച്ചി:** രാജ്യത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള മികച്ച സ്ഥാപനങ്ങളെ നിർണയിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്കിന്റെ 2023ലെ കണക്കുപ്രകാരം, ചെന്നൈ ആസ്ഥാനമായുള്ള സവീത ആരോഗ്യ ശാസ്ത്ര സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ടിന്റെ (സിമാറ്റ്സ്) എഞ്ചിനീയറിംഗ് വിഭാഗം അറുപത്തിനാലാം റാങ്ക് കരസ്ഥമാക്കിയതായി സിമാറ്റ്സ് എഞ്ചിനീയറിംഗ് അധികൃതർ വ്യക്തമാക്കി.ദേശീയ തലത്തിൽ എണ്ണായിരത്തിലധികം സ്ഥാപനങ്ങളെ മറികടന്നാണ് ഇൻസ്റ്റിറ്റ്യൂട്ട് മികച്ച വിജയം കരസ്ഥമാക്കിയത്. കൂടാതെ, സർവകലാശാല നിലവാരത്തിൽ ഇന്ത്യയിലെ പതിമൂന്നാമത്തെ യൂണിവേഴ്സിറ്റി ആകാനും സവീത യൂണിവേഴ്സിറ്റിക്ക് സാധിച്ചു.പ്രഗത്ഭരായ വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിൽ സവീത സർവകലാശാല വഹിച്ച പങ്കിനുള്ള അംഗീകാരമായാണ് ഉന്നത റാങ്കിനെ കാണുന്നതെന്ന് ചാൻസിലർ എൻ എം വീരയ്യൻ പറഞ്ഞു. 'സിമാറ്റ്സ് എഞ്ചിനീയറിംഗിലെ ഫാക്കൽറ്റി, സ്റ്റാഫ്, വിദ്യാർത്ഥികൾ എന്നിവരുടെ അചഞ്ചലമായ അർപ്പണബോധത്തിന്റെ തെളിവാണ് ഈ അംഗീകാരം. ഉന്നത വിദ്യാഭ്യാസരംഗത്ത് കൈവരിച്ച മികവ് നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ ഉയരങ്ങളിലേക്ക് സർവകലാശാലയെ എത്തിക്കുന്നതിനുള്ള നടപടികളാണ് ഇനിയുള്ളതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

# സാഗർ പരിക്രമ യാത്ര: കേന്ദ്രമന്ത്രി തോട്ടപ്പള്ളി ഹാർബർ സന്ദർശിച്ചു

**ആലപ്പുഴ:** കേന്ദ്ര സർക്കാരിന്റെ സാഗർ പരിക്രമ യാത്രയുടെ ഭാഗമായി കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല തോട്ടപ്പള്ളി ഹാർബർ സന്ദർശിച്ചു. തോട്ടപ്പള്ളി ഹാർബറിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഹാർബറിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുമെന്ന് മന്ത്രി പറഞ്ഞു. ഇതിനായി കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നുള്ള എല്ലാ സഹായങ്ങളും മന്ത്രി ഉറപ്പ് നൽകി. മത്സ്യത്തൊഴിലാളികൾ, തീരദേശ നിവാസികൾ തുടങ്ങിയവരുമായി സംവദിക്കുന്നത് ലക്ഷ്യമിട്ടാണ് സന്ദർശനം.കിസാൻ ക്രഡിറ്റ് കാർഡ്, പി.എം.എം.എസ്.വൈ. പദ്ധതി പ്രാകരമുള്ള സബ്സിഡി ആനുകൂല്യം എന്നിവയുടെ വിതരണം മന്ത്രിയും എച്ച്. സലാം എം.എൽ.എ.യും ചേർന്ന് നിർവഹിച്ചു. 13 പേർക്കാണ് കിസാൻ ക്രഡിറ്റ് കാർഡ് നൽകിയത്. നാല് പേർക്കാണ് പി.എം.എം.എസ്.വൈ. സബ്സിഡി നൽകിയത്.ചടങ്ങിൽ എച്ച്. സലാം എം.എൽ.എ. അധ്യക്ഷത വഹിച്ചു. എ.എം. ആരിഫ് എം.പി., കേന്ദ്ര ഫിഷറീസ് സെക്രട്ടറി അഭിലാക്ഷ് ലിഖി, പുറക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുദർശനൻ, ജില്ല പഞ്ചായത്തംഗം പി. അഞ്ജു, തുടങ്ങിയവർ പങ്കെടുത്തു.

# എയ്റോസ്പേസ് മേഖലയിൽ സ്കിൽ അപ്ഗ്രേഡേഷന് സർക്കാർ സൗകര്യമൊരുക്കും:മന്ത്രി പി രാജീവ്

**കൊച്ചി:**എയ്റോസ്പേസ് സ്റ്റാർട്ടപ്പ് മേഖലയിൽ സ്കിൽ അപ്ഗ്രേഡേഷന് സർക്കാർ സൗകര്യം ചെയ്തുകൊടുക്കുമെന്ന് വ്യവസായ മന്ത്രി പി രാജീവ് പറഞ്ഞു. കേരളത്തിന്റെ ആദ്യത്തെ എയ്റോസ്പേസ് സ്റ്റാർട്ടപ്പായ 'ഐഎയ്റോ സ്കൈ'യുടെയും ഇതിന്റെ മാതൃസംരംഭമായ ഐഹബ് റോബോട്ടിക്സിന്റേയും ഇടപ്പള്ളിയിലെ പ്രൊഡക്ഷൻ യൂണിറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.ബഹിരാകാശ ദൗത്യമേഖല സ്വകാര്യസംരംഭകർക്കായി തുറന്നു കൊടുത്തതോടെ സ്പേസ്, ഡിഫെൻസ് മേഖലകൾക്ക് കേരളത്തിൽ വലിയ സാധ്യതയുണ്ട്. 'ഐ എയ്റോ സ്കൈ' മുന്നോട്ടുവെക്കുന്ന നവീന ആശയങ്ങൾക്ക് സർക്കാർ എല്ലാവിധ പിന്തുണയും നൽകും. സ്റ്റാർട്ടപ്പുകൾ പലതും ഒരു ഘട്ടം കഴിയുമ്പോഴാണ് കേരളത്തിൽ നിന്ന് മാറിപ്പോകുന്നത്. അവർക്കാവശ്യമായ മനുഷ്യവിഭവശേഷിയുടെ ദൗർലഭ്യമാണ് ഇതിന് ഒരു പ്രധാന കാരണം. ഇതിന് പരിഹാരമായാണ് ഓരോ മേഖലകൾക്കും ആവശ്യമായ സ്കിൽ അപ്ഗ്രേഡേഷന് സർക്കാർ പ്രാധാന്യം നൽകുന്നത്. ഐ ബി എം കേരളത്തിൽ തുടങ്ങിയത് 100 പേരെ വെച്ചാണ്. ഒരു വർഷം കൊണ്ട് 300 പേരെ എടുക്കാനാണ് അവർ ഉദ്ദേശിച്ചത്. അതിനാവശ്യമായ സ്കിൽ അപ്ഗ്രേഡേഷൻ സൗകര്യം ചെയ്തു കൊടുത്തതിലൂടെ ഇപ്പോൾ 800 പേരെ റിക്രൂട്ട് ചെയ്യാൻ സാധിച്ചു. വീണ്ടും ഒരു 500 പേരെ കൂടി റിക്രൂട്ട് ചെയ്യാൻ പോകുന്നു. ഇത്തരത്തിൽ സംരംഭകർക്കാവശ്യമായ എക്കോസിസ്റ്റം രൂപപ്പെടുത്തുന്നതിന് സർക്കാർ സാധ്യമായതെല്ലാം ചെയ്യുമെന്ന് മന്ത്രി പറഞ്ഞു.ഐ എയ്റോ സ്കൈ നിർമിച്ച ആദ്യ കമ്യൂണിക്കേഷൻ സാറ്റലൈറ്റായ നമ്പി സാറ്റ് 1 മന്ത്രി അനാച്ഛാദനം ചെയ്തു. സ്കൂൾ വിദ്യാർഥികൾക്കായി നടപ്പാക്കുന്ന യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിന്റെ റോബോട്ടിക് കിറ്റും മന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്തു. നിർമാണം പൂർത്തിയായ നമ്പി സാറ്റ് 1 വിക്ഷേപണ സജ്ജമായതായി സി ഇ ഒ ആദിൽ കൃഷ്ണ പറഞ്ഞു. ഐ എസ് ആർ ഒയുമായി സഹകരിച്ചായിരിക്കും വിക്ഷേപണം. വേറിട്ട സാങ്കേതികവിദ്യയിൽ എയ്റോ സ്കൈ സ്വന്തമായി വികസിപ്പിക്കുന്ന സ്പേസ്ഷിപ്പ് മാതൃകയിലുള്ള സാറ്റലൈറ്റിന്റെ രൂപകൽപനയും നിർമാണവുമാണ് അടുത്ത ഘട്ടത്തിൽ നടപ്പാക്കുന്നത്. റോക്കറ്റിൽ സാറ്റലൈറ്റ് ഘടിപ്പിച്ച് ഭ്രമണപഥത്തിലെത്തിക്കുന്ന നിലവിലെ രീതിക്ക് പകരമാകുന്നതാണ് ഇതിൽ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ. ഇതിന്റെ മാതൃക ചടങ്ങിൽ പ്രദർശിപ്പിച്ചു. നിലവിലെ റോക്കറ്റ് നിർമാണത്തിന്റെ ആയിരത്തിൽ ഒന്ന് മാത്രം ചെലവു വരുന്ന ഈ സാങ്കേതിക വിദ്യയിൽ രാസ ഇന്ധനത്തിന് പകരം പുതിയൊരു പ്രൊപ്പല്ലിംഗ് സിസ്റ്റമാണ് ഉണ്ടാകുക. ഹീലിയം അല്ലെങ്കിൽ ഹൈഡ്രജൻ ബലൂണിലാകും സാറ്റലൈറ്റ് ഭ്രമണപഥത്തിൽ കറങ്ങുക. ബലൂൺ പൊട്ടിത്തെറിക്കുന്നതിന് കാരണമാകുന്ന മർദ്ദവും താപനിലയും കണ്ടെത്തി നിയന്ത്രിക്കുന്ന സെൻസറുകളും ഉപകരണങ്ങളും ഇതിലുണ്ടാകും. റോക്കറ്റ് വിക്ഷേപണത്തിന്റെ നിലവിലുള്ള രീതികളെ മാറ്റി മറിക്കുന്നതായിരിക്കും നമ്പി സാറ്റ് 2 എന്ന് പേരിട്ടിരിക്കുന്ന ഈ പദ്ധതിയെന്ന് ആദിൽ കൃഷ്ണ വിശദീകരിച്ചു. ചീഫ് ടെക്നിക്കൽ ഓഫീസർ ശരത് എസ്, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അഖിൽ തുടങ്ങിയവരും സംബന്ധിച്ചു.ഐഹബ് റോബോട്ടിക്സ് പ്രൊഡക്ഷൻ സെന്ററിൽ വിവിധ റോബോട്ടിക്സ് അനുബന്ധ ഉൽപ്പന്നങ്ങളുടെ ഗവേഷണവും വികസനവുമാണ് നടത്തുന്നത്. ഹ്യൂമനോയിഡ് റോബോട്ടുകൾ, റെസ്റ്റോറന്റ് റോബോട്ടുകൾ, മെഡിക്കൽ അസിസ്റ്റന്റ് റോബോട്ടുകൾ, റോബോട്ടിക് ടോയ്സ് തുടങ്ങി വിവിധ തരം റോബോട്ടുകൾ ഇവിടെ നിർമിക്കുന്നുണ്ട്. പ്ലസ് ടു പാസായവർക്കായി റോബോട്ടിക്സ്, എഐ, ഡ്രോൺ സാങ്കേതികവിദ്യകളിൽ തൊഴിലധിഷ്ഠിത കോഴ്സുകളും ലഭ്യമാക്കുന്നു.



## മൂലം വള്ളകളി: രജിസ്ട്രേഷൻ നാളെ മുതൽ

**ആലപ്പുഴ:** ഈ വർഷത്തെ മൂലം വള്ളംകളിയുമായി ബന്ധപ്പെട്ട ബോട്ട് റേസ് കമ്മിറ്റി യോഗം കൊടിക്കുന്നിൽ സുരേഷ് എം.പി.യുടെ അധ്യക്ഷതയിൽ കുട്ടനാട് താലൂക്ക് കോൺഫറൻസ് ഹാളിൽ ചേർന്നു. മൂലം വള്ളംകളിയിൽ പങ്കെടുക്കുന്നതിനായി നാളെ രാവിലെ 10 മണി മുതൽ ! 21ന് ഉച്ചക്ക് രണ്ട് മണി വരെ കളിവള്ളങ്ങൾക്ക് രജിസ്റ്റർ ചെയ്യാം. 14 ന് രാവിലെ ഒമ്പത് മുതൽ രജിസ്റ്റർ ചെയ്യാനുള്ള ടോക്കൺ നൽകും. ആദ്യം രജിസ്ട്രേഷനായി എത്തുന്ന ഒമ്പത് ചുണ്ടൻ വള്ളങ്ങൾ, മൂന്ന് എ ഗ്രേഡ് വെപ്പ് വള്ളങ്ങൾ, മൂന്ന് എ ഗ്രേഡ് ഓടി വള്ളങ്ങൾ, രണ്ട് തെക്കനോടി (വനിതകൾ ) വള്ളങ്ങൾ എന്നിവയ്ക്ക് മാത്രമേ ഈ വർഷത്തെ മൂലം വള്ളംകളിയിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകൂ. വള്ളംകളിയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയും യോഗം വിലയിരുത്തി. വള്ളംകളിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ എല്ലാ പിന്തുണയും ഉണ്ടാകുമെന്ന് എം.പി. അറിയിച്ചു. ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജിൻസി ജോളി, ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.ജി. ജലജകുമാരി, നെടുമുടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വർഗ്ഗീസ് ജോസഫ് വല്ല്യക്കൽ, കുട്ടനാട് തഹസിൽദാർ എസ്. അൻവർ, ഡെപ്യൂട്ടി തഹസിൽദാർമാരായ എസ്. സുഭാഷ്, വി.എസ്. സൂരജ്, ജലോത്സവ സമിതി അംഗങ്ങളായ ജോസ് കാവനാട്, എ.വി. മുരളി, സി.ടി. തോമസ്, സി. ജോസഫ്, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കടുത്തു.

# എൽ ആൻഡ് ടി ഫിനാൻസ് ഹോൾഡിങ്ങ്സിന്റെ ' ഡിജിറ്റൽ സഖി'

L&T Finance

**ആലപ്പുഴ:** ഗ്രാമീണമേഖലയിലെ സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് എൽ ആൻഡ് ടി ഫിനാൻസ് ഹോൾഡിങ്ങ്സ് ലിമിറ്റഡിന്റെ 'ഡിജിറ്റൽ സഖി' പദ്ധതി. കമ്പനിയുടെ സാമൂഹ്യ പ്രതിബദ്ധതാ പരിപാടികളുടെ ഭാഗമായി അവതരിപ്പിച്ച പദ്ധതിയുടെ ഭാഗമായി കേരളത്തിലും കർണാടകയിലുമടക്കം 1,370 സ്ത്രീകളെ 'ഡിജിറ്റൽ സഖി'മാരായി എംപാനൽ ചെയ്തിട്ടുണ്ടെന്ന് എൽ ആൻഡ് ടി ഫിനാൻസ് ഹോൾഡിങ്ങ്സ് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ദിനനാഥ് ദുഭാഷി പറഞ്ഞു.വിവിധ സംസ്ഥാനങ്ങളിലായി 25 ലക്ഷത്തിലധികം പേരിൽ പദ്ധതിയുടെ ഗുണഫലങ്ങൾ എത്തിക്കഴിഞ്ഞു. ഇതിൽ അറുപത്തിനായിരത്തിലധികം പേർ കേരളത്തിൽ നിന്നാണ്.2017ൽ ആരംഭിച്ച പരിപാടിയുടെ ലക്ഷ്യം ഡിജിറ്റൽ, സാമ്പത്തിക സാക്ഷരതയിലൂടെ അവശ്യ സാമ്പത്തിക സേവനങ്ങൾ നൽകുക എന്നതാണ്. കഴിഞ്ഞ സാമ്പത്തികവർഷത്തിലാണ് കർണാടകയിലും കേരളത്തിലും പദ്ധതി ആരംഭിച്ചത്.ആദ്യവർഷത്തിൽ തന്നെ വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ 2,25,000ലധികം പേരിലേക്കെത്താൻ പദ്ധതിക്കായി. പ്രചാരണ പരിപാടിയുടെ ഭാഗമായി 310 ഗ്രാമങ്ങളിലായി 900ലധികം ചുവർചിത്രങ്ങൾ സൃഷ്ടിച്ചുകൊണ്ട് 5 ലക്ഷത്തിലധികം പേരിലേക്ക് പദ്ധതിയുടെ സന്ദേശമെത്തിക്കാനായെന്നും ദിനനാഥ് ദുഭാഷി പറഞ്ഞു.കേരളത്തിലെ 100 ഗ്രാമങ്ങളിലായി 150ലധികം ചുവർചിത്രങ്ങളിലൂടെ രണ്ടര ലക്ഷം പേരിലേക്ക് പദ്ധതിയുടെ സന്ദേശമെത്തിക്കാനായെന്നും സർക്കാർ പദ്ധതികളുടെ സംയോജനം സുഗമമാക്കുന്നതിലും ഗ്രാമസഭകൾ നടത്തുന്നതിലും ഡിജിറ്റൽ സഖികൾ സജീവ പങ്ക് വഹിച്ചെന്നും അദ്ദേഹം പറഞ്ഞു.സംസ്ഥാന ഗ്രാമീണ ഉപജീവന മിഷൻ പരിപാടികളടക്കമുള്ള സർക്കാർ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ജനങ്ങളെ സഹായിക്കാൻ ഡിജിറ്റൽ സഖികൾക്ക് കഴിഞ്ഞെന്നും അദ്ദേഹം പറഞ്ഞു.പദ്ധതി നടപ്പാക്കിയ ഇടങ്ങളിൽ ഡിജിറ്റൽ സാമ്പത്തിക ഇടപാടുകളിൽ 12 ശതമാനം വർദ്ധനവ് ഉണ്ടായി. പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയ 11,600ലധികം വനിതാ സംരംഭകർക്ക് സംരഭകശേഷികൾ, സാമ്പത്തിക ഉന്നമനം, സുസ്ഥിര വികസനം എന്നിവക്കാവശ്യമായ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com